# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ദനഹാ ലക്കം 2013



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



മോഹനമാം മണിദീപത്തിൽ
ശാഖകളേഴുണ്ടവയേഴും
തൈലത്താലഭിഷേചിതമായ്
കനകക്കതിരൊളി ചൊരിയുന്നു

ഏഴു പ്രഭാങ്കുരമൊരുപോലെ
തെളിയും ദീപത്തിനു മഹിയിൽ
ജനനം നല്കിയ മറിയത്തിൻ
മഹിമയെ നിതരാം വാഴ്ത്തീടാം
(ദഹനാക്കാലം, ബുധൻ-റംശ)

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme
## January - 2013

| | | |
|---|---|---|
| 11-13 | - | Sunday School Camp, Ponga |
| 12 | - | Social Animators' Meeting |
| 25-27 | - | Sunday School Camp, Madappally |
| 15-17 | - | Cenacle Meeting |

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



വാല്യം 31 ദനഹാ ലക്കം 2013

**"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3).**


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തുപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി ആൻഡ്രൂസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിങ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com




**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- പരസ്പര സ്നേഹത്തിന്റെ കല്പന 03
- വിശ്വാസവും പരീക്ഷയും 06
- പരി. കുർബാന ദൈവികപുണ്യങ്ങളുടെ ഉറവിടം 08
- അനുഭവസാക്ഷ്യത്തിന്റെ കരുത്ത് 11
- മരണനിഴലിലും പ്രത്യാശയുടെ തിരിനാളം 12
- സ്വർഗ്ഗം തുറക്കുന്ന മാമ്മോദീസാ 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Some Suggestions to bring Youth back to the Church 18
- രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ബൈബിൾ വ്യാഖ്യാന തത്ത്വങ്ങൾ 20
- ദൈവത്തിന്റെ സംസാരം ഈശോയിലൂടെ 22
- ഭദ്രദീപം കരിന്തിരി കത്തിയാൽ 24
- പ്രാർത്ഥന 27
- കർമ്മോത്സുകമായ വിശ്വാസസാക്ഷ്യം 29
- അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയേ 31
- കളർഫുൾ സെലിബ്രേഷൻസ് 32

## എഡിറ്റോറിയൽ



# ദൈവത്തിന്റെ പ്രിയപുത്രർ

"ഇവൻ എന്റെ പ്രിയപുത്രൻ;
ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17).

യുഗങ്ങളോളം കാത്തിരുന്ന രക്ഷകൻ പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്ന നിമിഷം... ഈശോയുടെ മാമ്മോദീസാവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടു; പിതാവായ ദൈവത്തിന്റെ സ്വരം മുഴങ്ങി. പരിശുദ്ധാരൂപി പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. പിതാവിന്റെ പ്രിയപുത്രനായി മിശിഹാ ലോകത്തിനു കാണപ്പെട്ടു. അങ്ങനെ പരി. ത്രിത്വം ലോകത്തിനു വെളിപ്പെടുത്തപ്പെട്ടു.

നാമോരോരുത്തരുടെയും മാമ്മോദീസാവേളയിലും ഈ സംഭവങ്ങൾ ആവർത്തിക്കുന്നുണ്ട്. പരിശുദ്ധാത്മാവിൽ നമ്മെ ജനിപ്പിച്ച് അവിടുത്തെ പ്രിയമക്കളായി ദൈവം നമ്മെ ലോകത്തിനു വെളിപ്പെടുത്തുന്നുണ്ട്. എന്നാൽ ഇവ നമ്മുടെ മാമ്മോദീസായുടെ അവസരത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒരു സംഭവമായിത്തീരരുത്.
തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവു നല്കി (യോഹ 1,12) എന്ന വസ്തുത നാം മറക്കരുത്. 'ഇവൻ/ഇവൾ എന്റെ പ്രിയപുത്രൻ/പ്രിയപുത്രി; ഇവനിൽ/ഇവളിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' എന്ന ദൈവസ്വരം എല്ലാ ദിവസവും കേൾക്കത്തക്കവിധത്തിലുള്ള ജീവിതം നയിക്കുവാൻ കടപ്പെട്ടവരാണ് നാം.
ഈശോയുടെ പരസ്യജീവിതകാലഘട്ടം അനുസ്മരിക്കുന്ന ഈ ദനഹാക്കാലത്ത് അവിടുത്തെ ജീവിതം നമുക്കു മാതൃകയാക്കാം. ദൈവപുത്രനായ ഈശോ, എല്ലാവരെയും സഹോദരരായി കരുതി, എല്ലാവർക്കും നന്മചെയ്ത്, കടന്നുപോയതുപോലെ സഹോദരങ്ങൾക്ക് നന്മ ചെയ്ത് മുന്നേറാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ പ്രിയപുത്രരായ നമ്മിൽ പ്രസാദിച്ചിരിക്കുന്ന പിതാവിന്റെ സ്വരം എല്ലാ ദിവസവും കേൾക്കാൻ നമുക്കിടവരട്ടെ. പരിശുദ്ധനായ പിതാവിന് ചേർന്നവിധം വിശുദ്ധമായ ജീവിതം നയിക്കുന്ന പരിശുദ്ധരായ ദൈവമക്കളായി മാറുവാൻ സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ.

**ഏവർക്കും ദഹനാത്തിരുനാളിന്റെ മംഗളങ്ങൾ!**

*ചീഫ് എഡിറ്റർ*

സെനക്കിൾ ആദ്ധ്യാത്മികത -9



# പരസ്പര സ്നേഹത്തിന്റെ കല്പന

ഡോ. മാത്യു വെള്ളാനിക്കൽ

*"ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും"*
*(യോഹ 13,34-35).*

ഈശോ തന്റെ ശിഷ്യർക്കു നല്കിയ വിടവാങ്ങൽ കല്പനയാണ് പരസ്പര സ്നേഹത്തിന്റെ കല്പന. തന്റെ ശിഷ്യർ ലോകത്തിൽ തിരിച്ചറിയപ്പെടുവാൻ മാനദണ്ഡമായി നല്കപ്പെട്ട ഏക കല്പനയാണ് ഇത്. ആദിമസഭയിൽ പ്രാവർത്തികമാക്കപ്പെട്ട കല്പന; സഭയുടെ അംഗത്വത്തിലേക്ക് മനുഷ്യരെ അനുദിനം ആകർഷിച്ച ഏകഘടകം.

## പുതിയ കല്പന

പരസ്നേഹത്തിന്റെ കല്പനയെ 'പുതിയ കല്പന' എന്നു വിശേഷിപ്പിക്കുവാൻ കാരണമെന്താണ്? പുതിയ ഉടമ്പടിയുടെ മദ്ധ്യസ്ഥനായിട്ടാണ് ഈശോ ലോകത്തിലേക്കു വന്നത് (ഹെബ്രാ 8,6). പ്രവാചകർ മുൻകൂട്ടി പ്രവചിച്ചതും (ജറെ 31,31-34) ഈശോമിശിഹായിൽ പൂർത്തീകരിക്കപ്പെട്ടതുമായ പുതിയ ഉടമ്പടിയുടെ (ഹെബ്രാ 8,10) കല്പനയാണ് ഇത്. ഈ കല്പനയ്ക്ക് സമയത്തിൽ മാത്രമല്ല സവിശേഷതയിലും പുതുമയുണ്ട്. 'പുതിയ' എന്നതിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന 'കയ്നോസ്' എന്ന വാക്ക് ഇത് സൂചിപ്പിക്കുന്നു. പഴയ ഉടമ്പടിയിൽ 'അയൽക്കാരെ സ്നേഹിക്കുക' എന്നതായിരുന്നു കല്പനയെങ്കിൽ (ലേവ്യർ 9,18) പുതിയ ഉടമ്പടിയിൽ 'പരസ്പരം സ്നേഹിക്കുക' എന്നതാണ് കല്പന. പഴയ ഉടമ്പടിയിൽ എങ്ങനെ സ്നേഹിക്കണം എന്ന് പ്രത്യേകം എടുത്തു പറയുന്നില്ലെങ്കിൽ, പുതിയ ഉടമ്പടിയിൽ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം" എന്ന്

എടുത്തുപറയുന്നുണ്ട്. അതുകൊണ്ട് ഈ സ്നേഹം സഭയിൽ, സഭാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ, യാഥാർത്ഥ്യമാകേണ്ട ഒന്നാണ്. അതുപോലെ തന്നെ ഈശോയുടെ സ്നേഹത്തിൽനിന്നും ഉരുത്തിരിയുന്ന ഒരു സ്നേഹമാണ്. ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്ന സ്നേഹമാണ് സഭാംഗങ്ങൾ പരസ്പരം പങ്കുവയ്ക്കേണ്ടത്.

## നിസ്വാർത്ഥമായ സ്നേഹം

സാധാരണ മനുഷ്യസ്നേഹം പൊതുവേ സ്വാർത്ഥത തേടുന്ന സ്നേഹമാണ്. അറിഞ്ഞോ അറിയാതെയോ ഈ സ്നേഹംകൊണ്ട് എനിക്കെന്തുകിട്ടും എന്ന ഒരു ചിന്ത നമ്മുടെ മനസ്സിലുണ്ടാകും. സ്നേഹം കിട്ടുന്നതിൽ സന്തോഷവും സ്നേഹം കിട്ടാതെ വന്നാൽ ദുഃഖവും അനുഭവപ്പെടും. പലപ്പോഴും സ്നേഹത്തിൽ പരോക്ഷമായെങ്കിലും നമ്മുടെ സന്തോഷമാണ് നാം തേടുക. എന്നാൽ ഈശോയുടെ സ്നേഹം അങ്ങനെയായിരുന്നില്ല. സ്വയം മറന്നുകൊണ്ടാണ് ഈശോ മറ്റുള്ളവരെ സ്നേഹിച്ചത്. സെനക്കിളിൽ ഈശോ പ്രകടമാക്കിയ സ്നേഹം സ്വയം മറന്നുകൊണ്ടുള്ളതായിരുന്നു. ഈശോ തന്റെ മരണത്തെ മുഖാഭിമുഖം ദർശിച്ച സന്ദർഭമായിരുന്നു അത്. “ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനു മുമ്പ് ഈശോ അറിഞ്ഞു. ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു” (യോഹ 13,1). സാധാരണ ഗതിയിൽ മറ്റുള്ളവരിൽനിന്നും സ്നേഹവും ആശ്വാസവും പ്രതീക്ഷിക്കുവാൻ നിർബന്ധിക്കപ്പെടുന്ന സന്ദർഭമായിരുന്നു അത്. എന്നാൽ സ്വയം മറന്ന് ഈശോ തന്റെ ശിഷ്യരെ സ്നേഹിക്കുന്നു. പരസ്യജീവിതത്തിലുടനീളം ഈശോ പ്രായോഗികമാക്കിയത് ഇപ്രകാരമുള്ള സ്നേഹമായിരുന്നു. തന്നിൽ വിശ്വസിക്കുന്നവരിൽ നിന്നും ഈശോ പ്രതീക്ഷിക്കുന്ന സ്നേഹവും ഇത്തരത്തിലുള്ളതാണ്.

## ത്യാഗപൂർണ്ണമായ സ്നേഹം

സാധാരണ മനുഷ്യസ്നേഹം കഴിയുന്നിടത്തോളം അസൗകര്യങ്ങൾ ഒഴിവാക്കി സ്നേഹിക്കുവാനാണ് ശ്രമിക്കുക. അസൗകര്യങ്ങളുണ്ടെങ്കിൽത്തന്നെ അവ കഴിയുന്നിടത്തോളം കുറച്ച് സ്നേഹിക്കുവാനുള്ള പ്രവണതയാണ് നമുക്കുള്ളത്. എന്നാൽ ഈശോ കൊടുക്കാവുന്നതെല്ലാം പരമാവധി കൊടുത്തുകൊണ്ടാണ് സ്നേഹിച്ചത്. “അവസാനം വരെ സ്നേഹിച്ചു” (യോഹ 13,1) എന്ന് സുവിശേഷകൻ എടുത്തുപറയുന്നു. ‘അവസാനം വരെ സ്നേഹിച്ചു’ എന്നതിന് ഉപയോഗിക്കുന്ന ‘തേലോസ്’ എന്ന ഗ്രീക്കു പദത്തിന് രണ്ടർത്ഥങ്ങളുണ്ട്. 1. ജീവിതാവസാനം വരെ ഈശോ സ്നേഹിച്ചു. മടുപ്പുകൂടാതെ, നിരന്തരമായി, ജീവിതത്തിന്റെ അന്ത്യനിമിഷംവരെ അവിടുന്ന് സ്നേഹിച്ചു. ഈശോയുടെ അദ്ഭുതങ്ങളെല്ലാം അവിടുത്തെ സ്നേഹസ്പർശനങ്ങളായിരുന്നു. തന്നെ സമീപിച്ചവരെയെല്ലാം സ്നേഹസ്പർശനം നല്കി അവിടുന്നു സാന്ത്വനപ്പെടുത്തി. ഈശോയുടെ പ്രബോധനങ്ങൾ പോലും ജനക്കൂട്ടത്തെകണ്ടുണ്ടായ അനുകമ്പാർദ്രമായ സ്നേഹത്തിന്റെ പ്രകാശനമായിരുന്നു (മർക്കോ 6,34). അവസാനനിമിഷംവരെ, തന്നെ ക്രൂശിൽ തറച്ചുകൊന്നവരെപ്പോലും, അവിടുന്നു സ്നേഹിച്ചു. 2. ഈശോ പൂർണ്ണതയിൽ സ്നേഹിച്ചു. ഒരു മനുഷ്യനെന്ന നിലയിൽ ഏറ്റവും വിലപ്പെട്ട സ്വജീവൻപോലും ത്യജിച്ച് അവിടുന്ന് സ്നേഹിച്ചു (യോഹ 15,13). ഇങ്ങനെയുള്ള ത്യാഗപൂർണ്ണമായ സ്നേഹമാണ് ഈശോ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്.

## മനസ്സിലാക്കുന്ന സ്നേഹം

നമ്മുടെ ബലഹീനതകളും പോരായ്മകളും അറിഞ്ഞിട്ടും നമ്മെ സ്നേഹിക്കുന്നവരാണ് യഥാർത്ഥ സ്നേഹിതർ. ദൂരെയുള്ളവരെയും വല്ലപ്പോഴും മാത്രം ബന്ധപ്പെടുന്നവരെയും സ്നേഹിക്കാൻ എളുപ്പമാണ്. കാരണം അവരുടെ നല്ല വശങ്ങൾ മാത്രമേ നാം കാണുന്നുള്ളു; അറിയുന്നുള്ളൂ. ഒന്നിച്ചു ജീവിക്കുമ്പോഴാണ് കുറ്റങ്ങളും കുറവുകളും പരസ്പരം അടുത്തറിയുന്നത്. അപ്പോൾ പരസ്പരസ്നേഹം കൂടുതൽ ബുദ്ധിമുട്ടുള്ളതാകും. മൂന്നുവർഷം തന്നോടൊപ്പമായിരുന്ന തന്റെ പന്ത്രണ്ടു ശ്ലീഹന്മാരെയും ഈശോ വളരെ അടുത്തറിഞ്ഞിരുന്നു. താൻ ഏറ്റം അടുത്തറിഞ്ഞ ശ്ലീഹന്മാരെയാണ് അവിടുന്ന് അവസാനംവരെ സ്നേഹിച്ചത്. അതിന്റെ ഏറ്റം വലിയ ഉദാഹരണമാണ് യൂദാസിനോടുള്ള ഈശോയുടെ സ്നേഹം. യൂദാസ് വിശ്വാസമി




ല്ലാതെയാണ് കൂടെ നടന്നതെന്നും (യോഹ 6,64) കള്ളനായിരുന്നുവെന്നും (യോഹ 12,6), തന്നെ ഒറ്റിക്കൊടുക്കുവാൻ ഏർപ്പാടു ചെയ്തവനായിരുന്നുവെന്നും (യോഹ 13,21) ഈശോ വ്യക്തമായി അറിഞ്ഞിരുന്നു. അങ്ങനെയുള്ള യൂദാസിനെയാണ് ഈശോ പാദം കഴുകി സ്നേഹിച്ചതും (യോഹ 13,10-11), തന്റെ ഇടത്തുവശത്ത് ഇരുത്തി അയാളുടെ മാർവ്വിൽ ചാരിയിരുന്ന് അപ്പം മുറിച്ചു കൊടുത്തതും (യോഹ 13,21-30). ഈ വിധത്തിൽ മനസ്സിലാക്കുന്ന സ്നേഹം പരസ്പരം കൊടുക്കുവാൻ നമുക്കു കഴിയണം.

## ക്ഷമിക്കുന്ന സ്നേഹം

ഈശോ തന്റെ ശിഷ്യന്മാരെ സ്നേഹിച്ചത് ക്ഷമിച്ചുകൊണ്ടാണ്. ശ്ലീഹന്മാരുടെ തലവനായ പത്രോസ് അവിടുത്തെ നിഷേധിച്ചു പറഞ്ഞു (യോഹ 18,15-18). പണസഞ്ചി സൂക്ഷിച്ചിരുന്ന യൂദാസ് അവിടുത്തെ ഒറ്റിക്കൊടുത്തു (യോഹ 18,3-12). ശിഷ്യന്മാരെല്ലാവരും ഈശോയെ വിട്ട് ഓടിപ്പോയി (മർക്കോ 14,50). കൂടെ കൊണ്ടുനടന്ന് തന്റെ യഥാർത്ഥ വ്യക്തിത്വത്തെപ്പറ്റി അവർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ അവിടുന്ന് ആവർത്തിച്ചു ശ്രമിച്ചിട്ടും ശിഷ്യന്മാർ ഈശോയെ വേണ്ടവിധം മനസ്സിലാക്കിയില്ല. ഇതെല്ലാം ക്ഷമിച്ച് ഈശോ അവരെ സ്നേഹിച്ചു. അവസാനം കുരിശിൽ നിന്നും നാം കേൾക്കുന്നത്, തന്നെ കുരിശിലേറ്റിയവരോടു ക്ഷമിക്കുന്ന അവിടുത്തെ വാക്കുകളാണ്: “പിതാവേ, അവരോടു ക്ഷമിക്കണമേ; അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല” (ലൂക്കാ 23,34). ക്ഷമിക്കാനറിയാത്ത സ്നേഹത്തിന് നിലനില്പുണ്ടാവുകയില്ല. പരസ്പരം ക്ഷമിച്ചുകൊണ്ട് നിരന്തരം സ്നേഹത്തിൽ നിലനിൽക്കുന്ന ഒരു സമൂഹമാകുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

## ഈശോയുടെ സ്നേഹത്തിൽ നിലനിൽക്കുക

“ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ” എന്നതിന് ഗ്രീക്കു ഭാഷയിൽ ഈശോയുടെ സ്നേഹം നമുക്ക് മാതൃകയും ശക്തിയുടെ ഉറവിടവുമാകണം എന്ന സൂചനയുണ്ട്. ‘ഈശോ സ്നേഹിച്ചതുപോലെ’ സ്നേഹിക്കുവാനുള്ള കഴിവ് ഒരു മനുഷ്യനും സ്വയമേയില്ല. കാരണം മനുഷ്യരെല്ലാം പാപബദ്ധരാണ്. അതുകൊണ്ട്

### ആരാധനക്രമവത്സരം

*ആണ്ടുവട്ടത്തിൽ വിവിധകാലങ്ങളിലൂടെ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ മുഴുവനും അനുഭവവേദ്യമാക്കിക്കൊണ്ട് സഭാതനയരുടെ സ്വർഗ്ഗോന്മുഖതീർത്ഥാടനം വിജയപ്രദമാക്കുവാൻ സഭാമാതാവ് സംവിധാനം ചെയ്തിരിക്കുന്നതാണ് ആരാധനക്രമവത്സരം. ഈശോമിശിഹായിൽ പൂർത്തിയാക്കപ്പെട്ട ദൈവത്തിന്റെ രക്ഷാകരപദ്ധതിയിലെ പ്രധാനസംഭവങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരം. 9 ആരാധനാകാലങ്ങളായാണ് പൗരസ്ത്യസുറിയാനിസഭയിലെ ആരാധനാവത്സരത്തെ വിഭജിച്ചിരിക്കുന്നത്. ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള ജീവിതംവഴി സഭാമക്കൾക്ക് മിശിഹായെ അനുഭവിക്കുന്നതിനും തങ്ങളുടെ ജീവിതത്തെ വിശുദ്ധീകരിക്കുന്നതിനും സാധിക്കുന്നു. മറ്റ് തിരുനാളാഘോഷങ്ങളും ഭക്താനുഷ്ഠാനങ്ങളും നോമ്പാചരണങ്ങളുമെല്ലാം ഈ മിശിഹാനുഭവത്തിലേക്കു നമ്മെ നയിക്കുന്നതാവണം.* ▶▶

അവിടുന്നിലും അവിടുത്തെ സ്നേഹത്തിലും നിരന്തരം വസിക്കുവാൻ ഈശോ നമ്മെ ആഹ്വാനം ചെയ്യുന്നു. “പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ” (യോഹ 15,9). ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കാൻ നമുക്ക് കഴിയുന്നത് അവിടുത്തെ അരൂപിയെ സ്വീകരിച്ചുകൊണ്ടും അരൂപിയിൽ അവിടുത്തോട് ഐക്യം പുലർത്തിയുമാണ്. ഇപ്രകാരം ഈശോയുടെ അരൂപിയിൽ ഒന്നായി ഈശോയുടെ സ്നേഹത്തിൽ നിലനിന്ന്, ഈശോയെപ്പോലെ സ്നേഹിക്കുവാൻ നമുക്കു കഴിയണം. ഈശോയുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലത്തിൽ ഈശോയുടെ ജീവിതത്തിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹം ധ്യാനിക്കുവാനും ജീവിതത്തിൽ സ്വാംശീകരിക്കുവാനും സഭയെ ഒരു സ്നേഹകൂട്ടായ്മയായി കെട്ടിപ്പടുക്കുവാനും നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.




വഴിതെറ്റിയ വിശ്വാസം നെഞ്ചിലേറ്റി നടക്കുന്നവരുടെയിടയിൽ നെഞ്ചിടിപ്പോടെ, വിശ്വാസനാളം തെളിമയോടെ തെളിയിച്ച് ജീവിക്കുന്നവരെ നാം വിസ്മരിച്ചുകൂടാ... അവർക്ക് പ്രാർത്ഥനയ്ക്കായി ഉയർത്തിപ്പിടിച്ച കരങ്ങളുടെ ബലമാണാവശ്യം...

**"സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു. സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" (പ്രഭാ 2,5).**

ഈശോയേ, നിന്നെ അറിഞ്ഞു സ്നേഹിക്കുന്ന ഒരു ജീവിതപങ്കാളിയെ എനിക്കു നൽകണമേ'. പ്രാർത്ഥനയ്ക്കുത്തരമെന്നോണം അതിപുരാതന കത്തോലിക്കാ കുടുംബത്തിൽ നിന്നു തന്നെ നല്ല ഒരു പങ്കാളിയെ ലഭിക്കുകയും ചെയ്തു. സന്തോഷവും സ്നേഹവും സമാധാനവും നിറഞ്ഞുനിന്നിരുന്ന ഭവനം. ദിവസവും മക്കളോടൊപ്പം വി. കുർബാനയർപ്പിക്കുന്ന സന്തുഷ്ടകുടുംബം. 14 വർഷത്തോളം ജീവിതത്തിൽ ഇണയും തുണയുമായി കുടുംബജീ



# വിശ്വാസവും പരീക്ഷയും

**കനകം ജേക്കബ് മങ്ങാട്ട്**

ഗിരിജയെ അങ്ങനെ പെട്ടെന്നൊന്നും മറക്കാനാവില്ല... അവളുടെ വിലാപവും ചുടുകണ്ണീരും... പേരുകൊണ്ട് അന്യയാണെന്നു തോന്നുമെങ്കിലും ജീവിതംകൊണ്ട് മിശിഹായെ വഹിക്കുന്നവൾ. പരി. അമ്മയിലൂടെയാണ് അവൾ നന്നേ ചെറുപ്പത്തിൽ ഈശോയെ ജീവന്റെ ഭാഗമാക്കിയത്. തുടർന്ന് എന്നും അർപ്പിക്കുന്ന വി. കുർബാന അവൾക്ക് ജീവന്റെ സ്രോതസ്സുമായി. അതുകൊണ്ടു തന്നെ അവൾ നിരന്തരം പ്രാർത്ഥിച്ചു: 'എന്റെ

വിതത്തിന്റെ സന്തോഷം പങ്കിട്ടുനീങ്ങി. പൊടുന്നനെയാണ് ഈ അതിപുരാതന കത്തോലിക്കാകുടുംബത്തിലെ ചട്ടയിട്ട അമ്മച്ചിക്ക് ലണ്ടൻ കാണാൻ ആൺമക്കളുടെ വക ഓഫർ ലഭിച്ചത്. ഏതായാലും ആ യാത്ര ചെന്നവസാനിച്ചത് കത്തോലിക്കാസഭയിൽ നിന്നിട്ട് ഇതുവരെ കണ്ടെത്താനാവാത്ത "രക്ഷിക്കപ്പെടലിൽ" ആയിരുന്നു.

ഒരായുസു മുഴുവൻ ജീവിച്ചിട്ടും കണ്ടെ




ത്താനാവാത്ത 'രക്ഷ' കണ്ടെത്തിയ ഈ അമ്മച്ചി നാട്ടിൽ താരമായെത്തി. വീതം ലഭിക്കാത്ത മകന് അമ്മച്ചിയുടെ 'രക്ഷ' താങ്ങിയില്ലെങ്കിൽ 'രക്ഷ' ഇല്ലാത്തയവസ്ഥ. അന്ത്യമോ? തിരുക്കുടുംബത്തിന് സമാനമായിരുന്ന കുടുംബത്തിലെ സ്നേഹം, വിശ്വാസം, വിശുദ്ധി തലങ്ങളിലെ ശൈഥില്യവും. കൊതിതീരാതെ കൊണ്ടുനടന്ന ജീവിതസ്വപ്നങ്ങളെല്ലാം ചില്ലുകൊട്ടാരം കണക്കെ തകർന്നടിഞ്ഞു. ഇണ വേർപിരിഞ്ഞാലെന്നപോലെ കുടുംബത്തിന്റെ മോഹങ്ങളെല്ലാം സ്വപ്നതുല്യമായി.

നെഞ്ചുപൂളുന്ന അനുഭവങ്ങളിൽ, ഇന്ന് എരിഞ്ഞുതീരുന്ന മെഴുകുതിരി സമാനമാണ് ഗിരിജ. സന്ധ്യാനേരത്ത് ജപമണികളിലൂടെ പരി. അമ്മയെ വിളിക്കുമ്പോൾ അതിനു ബദലായി ശബ്ദമുയർത്തി 'സ്തോത്രം' പാടി മക്കളുടെ സ്വസ്ഥത കെടുത്തുന്ന, സമാധാനം നഷ്ടപ്പെടുത്തുന്ന... പഠിക്കാനനുവദിക്കാത്ത കുടുംബനാഥനും അമ്മച്ചിയും.

ഭർത്താവിന്റെ സഹോദരങ്ങളിൽ നിന്നും മാനസിക, ശാരീരിക പീഡപോലും ഏൽക്കേണ്ടി വന്ന പാവം. ഇവിടം കൊണ്ടൊന്നും അവൾ അനുഭവിക്കുന്ന മാനസിക, ശാരീരിക പീഡകൾ അവസാനിക്കുന്നില്ല. ഇതാണോ യഥാർത്ഥത്തിൽ 'രക്ഷിക്കപ്പെട്ടവരുടെ' ഗുണവിശേഷങ്ങൾ...

ഈ വിധത്തിൽ സഹനത്തിന്റെ ചൂളയിൽ ഉരുകി സഹനത്തെ രക്ഷാകരമാക്കിത്തീർക്കുന്ന എത്രയെത്ര ജീവിതങ്ങൾ! ഇന്നും വി. കുർബാനയിൽ എടുത്തുവാഴ്ത്തുന്ന അപ്പത്തിനോടും വീഞ്ഞിനോടുമൊപ്പം ഗിരിജ തന്റെ ഭർത്താവിനെയും അമ്മയെയും സഹോദരങ്ങളെയും എടുത്തു വാഴ്ത്തുന്നു. തിരിച്ചറിവിന്റെ വഴികളിലൂടെ തിരികെ നടക്കുവാൻ...

യാക്കോബ്ശ്ലീഹാ തന്റെ ലേഖനത്തിൽ 1-ാം അദ്ധ്യായം 2-3 വാക്യത്തിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്റെ സഹോദരരേ, വിവിധ പരീക്ഷകൾ ഉണ്ടാകുമ്പോൾ നിങ്ങൾ അധികമായി സന്തോഷിക്കുവിൻ, വിശ്വാസം പരീക്ഷിക്കപ്പെടുമ്പോൾ നിങ്ങളുടെ ക്ഷമ വർദ്ധിക്കുമെന്ന് നിങ്ങൾക്ക് അറിയാമല്ലോ"?

ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിലൂടെ കടന്നുപോകുമ്പോഴും ഇടറാത്തവനാണ് യഥാർത്ഥവിശ്വാസി. ജീവിതത്തിന്റെ ശിശിരത്തിലും ശൈത്യത്തിലും ഇടറാത്തവൻ. മരുഭൂമിയിലും നിനക്ക് തണലേകാൻ കഴിവുള്ളവൻ കൂടെയുണ്ടെന്ന അതിരുകടന്ന വിശ്വാസം നെഞ്ചിൽ പേറുന്നവൻ. എത്തിച്ചേരേണ്ട ഇടത്തെക്കുറിച്ചുള്ള ഉത്തമബോധ്യവും യത്നവുമാകണം ഇടവഴികളിൽ ഇടറാതിരിക്കുവാൻ ബലമാവേണ്ടത്. എത്തിച്ചേരേണ്ട ഇടത്തെക്കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്ന, ഏല്പിക്കപ്പെട്ട ദൗത്യം അതിന്റെ പൂർണതയിൽ പൂർത്തിയാക്കിയ മിശിഹായെ ഈ ദനഹാക്കാലത്തിൽ നമ്മുടെ ചിന്തയിലൂടെ കടത്തിക്കൊണ്ടുപോവുക എന്നത് ധന്യതയാണ്. മിശിഹാ എന്ന വാക്കിനർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. ദൈവത്താൽ അയയ്ക്കപ്പെട്ടവൻ. അയയ്ക്കപ്പെട്ടവന്റെ ലക്ഷ്യമോ പിതാവിന്റെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുക എന്നതും... ഈ ഇഷ്ടപൂർത്തീകരണത്തിനു നടുവിൽ സഹനാനുഭവങ്ങളേ അവനുണ്ടായിരുന്നുള്ളൂ. എന്നാൽ, അകാരണ കുറ്റപ്പെടുത്തലുകളുടെ അപവാദങ്ങളുടെ, ആൾബഹളങ്ങൾക്കു മുമ്പിൽ ശിരസ്സു നമിച്ച് നിശബ്ദനായിരുന്നു അവൻ. മറുപടിയില്ലാഞ്ഞിട്ടല്ല പിന്നെയോ? അവന്റെ ലക്ഷ്യം ഒന്നു മാത്രമായിരുന്നു. തന്നെ അയച്ചവന്റെ ഇഷ്ടം പൂർത്തിയാക്കുക... അവസാനം കുരിശിൽ 'എല്ലാം പൂർത്തിയായി' എന്നു മൊഴിഞ്ഞ് മിഴിയടയുന്നതുവരെയും സഹനസ്നാനത്തിന് തന്നെത്തന്നെ വിട്ടുകൊടുത്തവൻ... നിറഞ്ഞ ആനന്ദത്തോടെ സഹനത്തിന്റെ കാസ നെഞ്ചിലേറ്റിയവൻ... അവന്റെ പുത്രത്വത്തിൽ പങ്കുകാരായ നമ്മുടെയും ദൗത്യം മറിച്ചൊന്നല്ല. അനുദിന രക്തസാക്ഷിത്വ അനുഭവങ്ങളെ ഇരുകരവും നീട്ടി, സ്വന്തമാക്കി, പൂർത്തികരണത്തിന് വഴിയൊരുക്കുക.

*ദൈവമേ, വശ്യമായ വാക്കുകളാൽ ആരും ഞങ്ങളെ വഴിതെറ്റിക്കാനിടവരുത്തരുതേ. അവസാന ശ്വാസം വരെ സത്യവിശ്വാസത്തിൽ വേരുറപ്പിക്കുവാൻ, ജപമണികൾ ആയുധമാക്കുവാൻ, അവിടുത്തെ ഇഷ്ടം പൂർത്തിയാക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ, ആമേൻ.*

കൗദാശിക ആദ്ധ്യാത്മികത



# പരിശുദ്ധ കുർബാന ദൈവികപുണ്യങ്ങളുടെ ഉറവിടം

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയാണ് ദൈവികപുണ്യങ്ങൾ. പരിശുദ്ധ കുർബാന വിശ്വാസത്തിന്റെ ആഘോഷവും സ്നേഹത്തോടെ അർപ്പിക്കേണ്ട ദൈവികസ്നേഹത്തിന്റെ ബലിയും പ്രത്യാശ പ്രദാനം ചെയ്യുന്ന ദൈവികരഹസ്യവുമാണ്. കുർബാനയെ സമീപിക്കുന്നതും അത് ആഘോഷിക്കുന്നതും ഈ ദർശനത്തോടെ ആകുമ്പോൾ അർപ്പണം അർത്ഥപൂർണ്ണവും കൂദാശ ഫലപ്രദവുമായിത്തീരുന്നു.

## പരിശുദ്ധകുർബാന വിശ്വാസത്തിന്റെ ആഘോഷം

തിരുവചനം ശ്രവിച്ച് മാംസം ധരിച്ച ഈശോയിൽ വിശ്വസിച്ച് മാമ്മോദിസ സ്വീകരിച്ചവർ ഈശോ ചെയ്തത് ആവർത്തിച്ചു ചെയ്തുകൊണ്ട് തങ്ങളുടെ വിശ്വാസം പ്രഘോഷിച്ചതാണ് കുർബാനയാഘോഷം. പരിശുദ്ധ കുർബാനയുടെ പ്രാരംഭത്തിൽ അങ്ങേ തിരുനാമത്തിൽ ഉറച്ചുവിശ്വസിക്കുകയും ആ വിശ്വാസം പരമാർത്ഥതയോടെ ഏറ്റുപറയുകയും ചെയ്യുന്നവരെ അങ്ങു ശക്തരാക്കണമെ എന്നു പ്രാർത്ഥിക്കുന്നു. പരി.കുർബാനയർപ്പണത്തിന്റെ അവിഭാജ്യഘടകമായി, അതിന്റെ കേന്ദ്രഭാഗത്തേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ആരാധനാസമൂഹം സഭയുടെ വിശ്വാസപ്രമാണം ഏറ്റുപറയുന്നു. അങ്ങു നല്കിയ ഈ ദാനം തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടും കൂടെ പരി

കർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഒന്നാം പ്രണാമജപത്തിൽ അപേക്ഷിക്കുന്നു.

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ സംഗ്രഹം ദൈവപുത്രന്റെ മനുഷ്യാവതാരം, രക്ഷാകരപ്രവൃത്തി, പീഡാസഹനം, മരണം, ഉത്ഥാനം, മഹത്ത്വീകരണം എന്നിവയായിരുന്നു. സഭയുടെ വിശ്വാസപ്രമാണത്തിന്റെയും സംഗ്രഹം അതുതന്നെ. വിശ്വാസത്തിന്റെ ഈ സംഗ്രഹം അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഈശോ കല്പിച്ചപ്രകാരം ആഘോഷിക്കുന്നതാണ് പരിശുദ്ധ കുർബാന. ആമുഖശുശ്രൂഷയിൽ മാലാഖമാരുടെ ഗീതമാലപിച്ചുകൊണ്ട് ഈശോയുടെ മനുഷ്യാവതാരവും അതോടനുബന്ധിച്ചുള്ള രഹസ്യങ്ങളും അനുസ്മരിക്കുന്നു. വചനശുശ്രൂഷയിലൂടെ അവിടുത്തെ പരസ്യജീവിതവും ബലിവസ്തുക്കളുടെ സമർപ്പണത്തിൽ പീഡാനുഭവവും മരണവും അവതരിപ്പിക്കുന്നു. സ്ഥാപനവചസ്സുകളും അനാഫൊറയിലെ പ്രാർത്ഥനകളും ഈശോയുടെ രക്ഷാകരമായ പീഡാനുഭവവും മരണവും ധ്യാനാത്മകമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. റൂഹാക്ഷണപ്രാർത്ഥനയിൽ അവിടുത്തെ ഉത്ഥാനവും പന്തക്കുസ്താ അനുഭവവും നമുക്കു ലഭിക്കുന്നു. ചുരുക്കത്തിൽ വിശ്വാസത്തിന്റെയും വിശുദ്ധ ഗ്രന്ഥത്തിന്റെയും സംഗ്രഹം പരിശുദ്ധ കുർബാനയിൽ ആഘോഷിക്കുകയും സമൂഹമദ്ധ്യേ പ്രഘോഷിക്കുകയും ചെയ്യുന്നു.



വിശ്വസിക്കുകയും അത് ഏറ്റുപറയുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടുമെന്ന ശ്ലീഹന്മാരുടെ പ്രബോധനം ഇവിടെ അന്വർത്ഥമാകുന്നു. കുർബാന ഒരു ആചരണവും പ്രാർത്ഥനയുമായി മാത്രം കാണാതെ വിശുദ്ധ ഗ്രന്ഥത്തിന്റെ നവ്യമായ അവതരണമായും ഈശോയുടെ സഭയിലുള്ള സജീവരക്ഷാകരപദ്ധതിയായും ക്രൈസ്തവവിശ്വാസത്തിന്റെ ഉത്തമപ്രഘോഷണമായും കാണുവാനും അത്തരത്തിൽ കുർബാനയിൽ സംബന്ധിക്കുവാനും നമുക്കാവണം. വിശുദ്ധഗ്രന്ഥം മാത്രം മതി എന്നു പറഞ്ഞ് സഭ വിട്ടുപോയ സഹോദരങ്ങൾ വി. ഗ്രന്ഥത്തെ തങ്ങളുടെ അധരം കൊണ്ട് പ്രഘോഷിക്കുകയും അക്ഷരങ്ങളിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ തിരുസഭയാകട്ടെ ആ ദൈവവചനത്തെ അധരംകൊണ്ട് ഏറ്റുപറയുകയും (വചനശുശ്രൂഷ), പ്രവൃത്തികളിൽ പ്രഘോഷിക്കുകയും (അടയാളങ്ങളും പ്രതീകങ്ങളും), ഹൃദയങ്ങളിൽ സ്വീകരിക്കുകയും മനസ്സിൽ സൂക്ഷിക്കുകയും ബുദ്ധിയിൽ ധ്യാനവിഷയമാക്കുകയും സഭയിൽ പ്രഘോഷിക്കുകയും ചെയ്യുന്നു. അതാണ് പരിശുദ്ധ കുർബാന.

**പ്രത്യാശയ്ക്കു നിദാനം**

ഈ അച്ചാരം നിന്റെ കാരുണ്യാതിരേകത്താൽ ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും നിന്റെ സന്നിധിയിൽ പ്രീതിജനകമാംവിധം വർത്തിച്ച എല്ലാവരോടുമൊന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ എന്ന് കുർബാനയിലെ സമാപനപ്രാർത്ഥനയിൽ നാം കാണുന്നു. ജീവിതത്തിന് പ്രത്യാശ പ്രദാനം ചെയ്യുന്ന




ദിവ്യരഹസ്യമാണ് പരി. കുർബാന. പാപങ്ങളും കടങ്ങളും പൊറുത്ത് രക്ഷ പ്രദാനം ചെയ്യുന്ന പരി. കുർബാന ജീവിതത്തിൽ പ്രത്യാശ നല്കുന്നു എന്നതിന് സംശയമില്ല. ഈ പ്രത്യാശയാകട്ടെ എന്തെങ്കിലും നശ്വരമായ നേട്ടങ്ങൾ സമ്മാനിക്കുന്ന വെറുമൊരു പ്രതീക്ഷയല്ല. അതിനപ്പുറം നിത്യതയിലേക്കും നിത്യമായ രക്ഷയിലേക്കുമുള്ള പ്രത്യാശപൂർവ്വകമായ ആകർഷണവും അനുഭവവുമാണ്. ഭൂവാസികളുടെ പ്രത്യാശയായ മിശിഹായെ ശ്രവിക്കുകയും അവിടുത്തെ രക്ഷാകരബലിയിൽ പങ്കുചേരുകയും അവിടുത്തെ സ്വീകരിച്ച് അവിടുന്നുമായി ഒന്നാവുകയും ചെയ്യുവാൻ പരി. കുർബാനയിൽ നമുക്കു സാധിക്കുന്നു. റൂഹാക്ഷണ പ്രാർത്ഥനയിൽ നാമിപ്രകാരം കാണുന്നു. ഇതു ഞങ്ങൾക്ക് കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും മരിച്ചവരുടെ ഉയിർപ്പിലുള്ള പ്രത്യാശയ്ക്കും നിന്നെ പ്രീതിപ്പെടുത്തിയ എല്ലാവരോടുമൊന്നിച്ച് സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവിതത്തിനും കാരണമാകട്ടെ. മധ്യസ്ഥപ്രാർത്ഥനയിൽ പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ജനത്തിനുവേണ്ടി പ്രത്യേകം അപേക്ഷിക്കുന്നു. പരിശുദ്ധ കുർബാന പ്രത്യാശാപൂർവ്വം കാത്തിരിക്കുന്ന ലോകം മുഴുവനും വേണ്ടി സമർപ്പിക്കുന്ന ബലിയാണ്.


ചുരുക്കത്തിൽ പാപംമൂലം അധഃപതിച്ച മനുഷ്യകുലത്തിന് പ്രത്യാശ പ്രദാനം ചെയ്യുന്ന, പ്രത്യാശയോടെ കാത്തിരിക്കുന്ന ദൈവജനത്തിന് രക്ഷ പ്രദാനം ചെയ്യുന്ന ദിവ്യരഹസ്യമാണ് പരി. കുർബാന. പാപഫലമായി നിരാശയിൽ കഴിഞ്ഞ ജനത്തിന് പ്രത്യാശയുടെ ഉഷകാലനക്ഷത്രമായി അവതരിച്ച ഈശോയുടെ രക്ഷാപദ്ധതിയാകുന്ന പരിശുദ്ധ കുർബാന നമ്മെ രക്ഷയുടെ അനുഭവത്തിലേക്കും അതുവഴി സ്വർഗ്ഗത്തെ പ്രത്യാശയോടെ കാത്തിരിക്കുന്ന സമൂഹത്തിലേക്കും നയിക്കുന്നു.

### ദനഹാക്കാലം

*ദനഹാ* എന്ന സുറിയാനിപദത്തിന്റെ വ്യാച്യാർത്ഥം *സൂര്യോദയം* എന്നാണ്. പരസ്യജീവിതത്തിന് ആരംഭം കുറിച്ചുകൊണ്ട് സ്നാപകയോഹന്നാനിൽ നിന്നും ഈശോ സ്വീകരിച്ച മാമ്മോദീസായിലൂടെ പിതാവായ ദൈവം സ്വപുത്രനെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തതിനെയാണ് ആരാധനക്രമത്തിൽ *ദനഹാ* എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. പാപത്തിന്റെ അന്ധകാരത്തിൽനിന്നും മനുഷ്യവംശത്തെ ദൈവികപ്രകാശത്തിലേക്ക് ഉയർത്തുവാൻ ഉദിച്ച സൂര്യതേജസ്സായ മിശിഹായുടെ പരസ്യജീവിതം ഈ കാലഘട്ടത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുന്നു.

ജനുവരി 6 ദഹനാത്തിരുനാളായി നാം ആഘോഷിക്കുന്നു. അതേത്തുടർന്നുവരുന്ന കാലത്തെയാണ് ദനഹാക്കാലം എന്നു വിളിക്കുക. നോമ്പുകാലം കൃത്യം ഏഴാഴ്ചകളായിരിക്കും. അതിനാൽ ഉയിർപ്പുതിരുനാൾ നേരത്തെയോ വൈകിയോ വരുന്നതനുസരിച്ച് ദനഹാക്കാലത്തിന്റെ ദൈർഘ്യം കൂടിയും കുറഞ്ഞുമിരിക്കും. മിശിഹായുടെ പരസ്യജീവിതത്തെ അനുസ്മരിക്കുന്ന ഈ കാലത്തിലെ എല്ലാ വെള്ളിയാഴ്ചകളും മിശിഹായ്ക്കു സാക്ഷ്യംവഹിച്ച വിശുദ്ധരുടെ തിരുനാൾദിവസങ്ങളാണ്.

**പാപംമൂലം അധഃപതിച്ച മനുഷ്യകുലത്തിന് പ്രത്യാശ പ്രദാനം ചെയ്യുന്ന, പ്രത്യാശയോടെ കാത്തിരിക്കുന്ന ദൈവജനത്തിന് രക്ഷ പ്രദാനം ചെയ്യുന്ന ദിവ്യരഹസ്യമാണ് പരി. കുർബാന.**



# അനുഭവസാക്ഷ്യത്തിന്റെ കരുത്ത്

**ഫാ. ഷിബു പുളിക്കൽ**
ഡാപൊടി, കല്യാൺ


ഒരിക്കൽ ഒരു ചെന്നായ തന്റെ മുന്നിൽ വന്നുപെട്ട മുയലിനെ പിടിക്കാൻ അതിന്റെ പുറകെ ഓടുകയായിരുന്നു; മുയലാകട്ടെ തന്റെ പ്രാണനും കൊണ്ട് പായുകയും... ഏറെ ദൂരം ഓടിയിട്ടും ചെന്നായ്ക്ക് തന്റെ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞില്ല. എങ്കിലും അതിന് പിൻമാറാൻ ഭാവമില്ലായിരുന്നു. അതിവേഗത്തിൽ ചെന്നായ ഇങ്ങനെ ഓടുന്നതുകണ്ട മറ്റ് ചെന്നായ്ക്കൾ കാര്യമെന്തെന്നറിയാൻ അവന്റെ പുറകെ ഓടാൻ തുടങ്ങി. കുറേകഴിഞ്ഞപ്പോൾ പുറകെ ഓടിയിരുന്ന ചെന്നായ്ക്കളെല്ലാം തളർന്ന് ഓട്ടം അവസാനിപ്പിച്ച് പലവഴിക്ക് പിരിഞ്ഞുപോയി. എന്നാൽ മുമ്പേ ഓടിയ ചെന്നായ ഓട്ടം തുടരുകയും തന്റെ ലക്ഷ്യം കാണുകയും ചെയ്തു.

മുമ്പേ പോകുന്നവർ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നില്ലെങ്കിൽ പുറകെ വരുന്നവർ ഓട്ടം നിർത്തും; പലവഴിക്ക് പിരിഞ്ഞുപോകും. ദൈവത്തെ അനുഭവിച്ച ഞാൻ അത് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനു പകരം എന്റെ പ്രൗഢിയും മേന്മയും പ്രസംഗിച്ച് എന്നെത്തന്നെ ഉയർത്തിക്കാട്ടുന്നു. എന്റെയും അപരന്റെയും ഹൃദയത്തിൽ വസിക്കുന്ന ദൈവത്തെ ചൂണ്ടിക്കാണിക്കുവാൻ എനിക്ക് കഴിയണം. അല്ലെങ്കിൽ എന്റെ പുറകെ വരുന്നവർ ഓട്ടം നിർത്തി പല വഴിക്ക് പിരിഞ്ഞുപോകും.

ഈശോയ്ക്ക് വഴിയൊരുക്കുവാൻ വന്ന സ്നാപകൻ പറഞ്ഞു: 'ഇവനാണ് ദൈവപുത്രൻ. കാരണം, ആത്മാവ് സ്വർഗ്ഗത്തിൽനിന്നും പ്രാവിന്റെ രൂപത്തിലിറങ്ങി വരുന്നതും അവന്റെ മേൽ ആവസിക്കുന്നതും ഞാൻ കണ്ടു'. കണ്ടതും കേട്ടതും അനുഭവിച്ചതുമായ സത്യം യോഹന്നാൻ പങ്കുവച്ചു. 'ഇതാ ലോകത്തിന്റെ കുഞ്ഞാട്'... സ്നാപകൻ ഈശോയെ ലോകത്തിന് ചൂണ്ടിക്കാണിച്ചുകൊടുത്തു. ദൈവത്തെ അനുഭവിച്ചവർക്ക് വെറുതെയിരിക്കുവാൻ സാധിക്കുകയില്ല. ഈശോയെ തിരിച്ചറിഞ്ഞ സമറിയാക്കാരി കുടം ഉപേക്ഷിച്ച് ഓടിപ്പോയി, ഒരു പട്ടണത്തിനു മുഴുവൻ ഈശോയെ കാണിച്ചുകൊടുത്തു. രോഗശാന്തി ലഭിച്ചവരും അത്ഭുതങ്ങൾ ദർശിച്ചവരും അത് മറച്ചുവച്ചില്ല.

തിബേരിയോസ് കടലിന്റെ ഓളപ്പരപ്പിൽ വന്നു നില്ക്കുന്ന കർത്താവിനെ ചൂണ്ടിക്കാണിച്ച് യോഹന്നാൻ പറഞ്ഞു: "അത് കർത്താവാണ്". ആ തിരിച്ചറിവ് താൻ നഗ്നനാണെന്ന അവബോധത്തിലേക്ക് പത്രോസിനെ എത്തിച്ചു; കർത്താവിന്റെ പക്കലേക്ക് മറ്റുള്ളവരെയും... 'ഞങ്ങൾ മിശിഹായെ കണ്ടു'... ആദ്യശിഷ്യന്മാരുടെ പങ്കുവയ്ക്കലിലൂടെ കൂടുതൽ പേർ ഈശോയെ കാണാൻ വരുന്നുണ്ട്. നാം കണ്ടതും കേട്ടതും സൂക്ഷിച്ചുവീക്ഷിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവരും കാണട്ടെ, കേൾക്കട്ടെ, അനുഭവിക്കട്ടെ.

വിശുദ്ധരോടൊപ്പം



# മരണനിഴലിലും പ്രത്യാശയുടെ തിരിനാളം

## വി. ജോസഫൈൻ ബക്കീത്ത

**ജിജി പുല്ലത്തിൽ**
അപ്പസ്തോലിക് ഒബ്ളേറ്റ്സ്

"ടീച്ചറേ നോക്കിക്കേ... ഇതു നിമിഷ എഴുതിയതാ..."

ഏഴാം ക്ലാസ്സുകാരി ജെറിൻ സ്റ്റാഫ് റൂമിൽ കൊണ്ടുവന്ന കുറിപ്പിലേക്ക് നോക്കിയപ്പോൾ വല്ലാത്തൊരു അമ്പരപ്പ്... വടിവൊത്ത അക്ഷരത്തിൽ ഏഴാം ക്ലാസ്സുകാരിക്കെഴുതിയ കുറിപ്പാണ്: "മരിക്കാനൊരു വഴി പറഞ്ഞു തരുമോ ജെറിനേ..."

ഏഴാം ക്ലാസ്സുകാരിക്ക് മരിക്കാനൊരു വഴി...

അദ്ധ്യാപകരൊക്കെ ഒരുമിച്ചു പറഞ്ഞു: ''എന്റെ ദൈവമേ, എന്തൊരു അവസ്ഥയാ ഇത്... ഈ പോക്ക് എങ്ങോട്ടാണ്... നമ്മുടെ കുഞ്ഞുങ്ങളൊക്കെ കൈവിട്ടു പോവുകയാണല്ലോ..."

നിമിഷയെ വിളിച്ചു കാര്യം ചോദിച്ചു. കാര്യം നിസ്സാരമായിട്ടാണ് എനിക്കു തോന്നിയത്. അവൾക്കത് വലിയ കാര്യമാണ്.... ''ഹൈസ്ക്കൂളിലെ ചേട്ടൻ എന്നെ ഇഷ്ടമാണെന്നു പറഞ്ഞു...എനിക്കിതൊന്നും ഇഷ്ടമില്ല... ആ ചേട്ടൻ ചേച്ചിമാരുടെ കൈയിൽ എഴുത്തു കൊടുത്തുവിട്ടു... വീട്ടിലറിഞ്ഞാൽ അച്ചൻ വഴക്കു പറയും. എനിക്കു പേടിയാ... എനിക്കു മരിച്ചാൽ മതി..."
എനിക്കു മരിച്ചാൽ മതി... അതിനൊരു വഴി പറഞ്ഞുതാ..."

പ്രതീക്ഷ നഷ്ടപ്പെട്ട ഇളം തലമുറ... കുഞ്ഞു കുഞ്ഞു വിഷയങ്ങളൊന്നും തരണം ചെയ്യാൻ കരുത്തില്ലാതാവുകയാണ്. പ്രശ്നങ്ങൾ പ്രതീക്ഷയോടെ വിശകലനം ചെയ്യേണ്ടതിനുപകരം നിരാശയിൽ മുങ്ങിത്താണ് മരിക്കാനൊരു വഴി തേടുന്ന ബാല്യങ്ങൾ... കൗമാരങ്ങൾ... യുവജനങ്ങൾ... മധ്യവയസ്കർ... വൃദ്ധർ... നിരീശ്വരപ്രസ്ഥാനങ്ങൾ ഫണം വിടർത്തിയാടുകയാണ്... നിരാശയുടെ സർപ്പദംശനമേറ്റു പിടയുന്ന മനുഷ്യജീവിതങ്ങൾ...

വല്ലാത്തൊരു സങ്കടത്തോടെയാണ് സായാഹ്ന പ്രാർത്ഥനയ്ക്കിരുന്നത്. സാന്ത്വനം നൽകിയ സമാപന സ്ലോസ മനസ്സിൽ പ്രത്യാശയുടെ കുളിർമഴയായി... "അങ്ങയുടെ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്നവർക്കു വാതിൽ തുറന്നു കൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായംകാലവും ആശ്വാസപ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സദ്പ്രവൃത്തികൾ നിറഞ്ഞ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ..." പ്രതീക്ഷാനിർഭരമായ ജീവി തം! ആരിലാ ഞാൻ പ്രത്യാശയർപ്പിക്കേണ്ടത്? പ്രശ്നങ്ങളുടെ നടുവിൽ ആരാണ് എനിക്കു പ്രത്യാശ നൽകുന്നത്?

ഉത്തരമുണ്ട്...കൃത്യമായ, വ്യക്തമായ ഉത്തരം, ഒരിക്കലും പിഴയ്ക്കാത്ത ഉത്തരം. "ദൈവം മാത്രമാണ് മനുഷ്യരുടെ പ്രത്യാശ. ജീവന്റെ ഉറവിടമായ

ദൈവവുമായുള്ള ബന്ധത്തിലാണു ജീവിതത്തിന്റെ സമഗ്രത. മരണമില്ലാത്തവനും ജീവനും സ്നേഹവുമായ ദൈവവുമായി നാം ബന്ധപ്പെട്ടാൽ നാം ജീവനിലാണ്... നമ്മൾ ജീവിക്കും" (Spe Salvi 27).

സാങ്കേതിക വിദ്യകളുടെ മികവിലും തികവിലും പുരോഗതിയിലേക്കു കുതിച്ചുയരുന്ന മനുഷ്യൻ... ഇന്ന് കിതയ്ക്കുകയാണ്... പ്രതീക്ഷ നഷ്ടപ്പെട്ട് കിതച്ചു കിതച്ച് നിരാശയുടെ അഗാധ ഗർത്തത്തിലേക്ക് നിപതിക്കുന്ന മനുഷ്യകുലത്തിന്, ഏറെ പ്രതീക്ഷ നല്കുന്നതാണ് ബെനഡിക്ട് പാപ്പായുടെ ചാക്രികലേഖനമായ ' പ്രത്യാശയിൽ രക്ഷ' (Spe Salvi 27). ചാക്രികലേഖനത്തിന്റെ മൂന്നാം ഖണ്ഡികയിൽ ഒരു വിശുദ്ധ, വിശ്വാസത്തിന്റെ നക്ഷത്രവിളക്കായി ഈ വിശ്വാസവർഷത്തിൽ നമ്മുടെ മുമ്പിൽ പ്രകാശിച്ചു നില്ക്കുകയാണ്... വി. ജോസഫൈൻ ബക്കീത്ത!!! തന്റെ മുൻഗാമിയായ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധയായി പ്രഖ്യാപിച്ച ജോസഫൈൻ ബക്കീത്തയുടെ ജീവിതം നമുക്കു മാർഗ്ഗദീപമായി, വാക്കുകളിലൂടെ വരച്ചിരിക്കുകയാണ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ.

ജോസഫൈൻ ബക്കീത്ത! ജീവിതമാകുന്ന മൺചിരാതിൽ, വിശ്വാസമാകുന്ന എണ്ണയിൽ പ്രതീക്ഷയുടെ തിരിനാളമായ് പ്രശോഭിച്ചവൾ...

1869 ൽ സുഡാനിലെ ഡാർഷിൽ ജനിച്ച ബക്കീത്ത 9-ാം വയസ്സിൽ അടിമവ്യാപാരികൾക്കു വിൽക്കപ്പെട്ടു. 9-ാം വയസ്സിൽ അടിമയായി. യജമാനന്റെ ഇഷ്ടത്തിനൊത്തുള്ള ജീവിതം! നിരന്തരമായ ശാരീരിക മാനസിക പീഡനങ്ങൾ... കഠിനമായ ജോലികൾ... അടിമച്ചന്തകളിൽനിന്ന് അടിമച്ചന്തകളിലേക്ക് വലിച്ചിഴച്ചപ്പോഴും ആ കൗമാരക്കാരി പതറിയില്ല... പ്രതീക്ഷ കൈവെടിഞ്ഞില്ല... മരിക്കാനൊരു വഴി തേടിയില്ല... പകരം പ്രത്യാശമാത്രം.

അവളേറ്റ അപമാനങ്ങൾക്ക്, മർദ്ദനങ്ങൾക്ക് അതിരില്ലായിരുന്നു. പക്ഷേ, അതിരില്ലാതെ തന്നെ സ്നേഹിച്ച ദൈവത്തിൽ അവൾ പ്രത്യാശയർപ്പിച്ചു. ഓരോ തരത്തിലുള്ള യജമാനന്മാർ... അവരുടെ ഭവനങ്ങൾ... സഹഭൃത്യരുടെ പ്രഹരങ്ങൾ... കുറ്റപ്പെടുത്തലുകൾ... ശകാരങ്ങൾ... അതിക്രൂരമായ ശാരീരിക പീഡനങ്ങൾ... അവളുടെ ശരീരത്തിൽ 144 മുറിവുകളുടെ അടയാളങ്ങളുണ്ടായിരുന്നു.


അവസാനമായി അവളെ വിലയ്ക്കു വാങ്ങിയത് ഇറ്റലിയിലെ വെനീസ്സിൽ നിന്നുള്ള കരിസ്റ്റോലെ ജ്ഞാനിയായിരുന്നു. അവിടെ വച്ചാണ് അവളുടെ ജീവിതത്തെ ആകമാനം മാറ്റിമറിച്ച ആ പദം ശ്രവിച്ചത്. പരോൺ (paron) "ജീവിക്കുന്ന ദൈവം". ജീവിക്കുന്ന ദൈവം അവളുടെ പ്രത്യാശയായി മാറി. അവൾ പ്രാർത്ഥിച്ചു; വിശ്വസിച്ചു. "ഞാൻ അടിമയാണെങ്കിലും ഈശോയിൽ സ്വതന്ത്രയാണ്."






1890 ൽ മാമ്മോദീസായും വി. കുർബാനയും സ്വീകരിച്ച് ബക്കീത്ത കനോസ്സിയൻ സന്ന്യാസിനീ സമൂഹത്തിൽ ചേർന്നു. ആഫ്രിക്കയിലെ മിഷനുവേണ്ടി ഇറ്റലി മുഴുവൻ സഞ്ചരിച്ചു. അടിമയായിരുന്നവൾ ഈശോയ്ക്കുവേണ്ടി ആത്മാക്കളെ നേടുന്നവളായി... പ്രേഷിതരംഗത്തും അവൾക്കു ലഭിച്ചത് തിരസ്കരണത്തിന്റെ ശരശയ്യയായിരുന്നു. പക്ഷേ, പ്രത്യാശയുടെ പ്രേഷിതയായി ബക്കീത്ത വ്യാപരിച്ചു. ജീവിതത്തിലെ സഹനങ്ങളും അപമാനങ്ങളും പീഡനങ്ങളും ബക്കീത്തയ്ക്ക് പ്രത്യാശ പരിശീലിക്കാനൊരു മാർഗ്ഗമായിരുന്നു. ഭീകരമായ മർദ്ദനമുറകളുടെ മുൻപിലും പ്രത്യാശ നഷ്ടപ്പെടാതെ, പുഞ്ചിരിയോടെ വിശ്വാസത്തെ ഏറ്റുപറഞ്ഞ ആദിമക്രൈസ്തവരുടെ തനിപ്പകർപ്പായിരുന്നു ബക്കീത്തയുടെ ജീവിതം.

ഇനി എന്റെ ഊഴം...




### ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകൾ

1-ാം വെള്ളി: സ്നാപകയോഹന്നാൻ
2-ാം വെള്ളി: പത്രോസ്-പൗലോസ് ശ്ലീഹന്മാർ
3-ാം വെള്ളി: സുവിശേഷകന്മാർ
4-ാം വെള്ളി: എസ്തപ്പാനോസ്
5-ാം വെള്ളി: ഗ്രീക്ക് മല്പാന്മാർ
6-ാം വെള്ളി: സുറിയാനിമല്പാന്മാർ
7-ാം വെള്ളി: സഭാമധ്യസ്ഥൻ
8-ാം വെള്ളി: മരിച്ച വിശ്വാസികൾ

ക്രൈസ്തവ മതവിദ്വേഷവും നിരീശ്വര പ്രസ്ഥാനങ്ങളും ഭീകരതയും ഇവിടെ നടമാടുമ്പോൾ ഈ വിശ്വാസവർഷത്തിൽ മറ്റൊരു ബക്കീത്തയായി മാറുവാൻ എനിക്കാവുമോ...? ആഗോളവത്കരണത്തിന്റെ അതിപ്രസരണത്തിലും മാധ്യമങ്ങളുടെ അതിരുവിട്ട സ്വാധീനത്തിലും നിരീശ്വരചേരികളിലും കുടുങ്ങി മരിക്കാനൊരു വഴി തേടുന്ന ബാല്യങ്ങളേയും കൗമാരക്കാരേയും യുവജനങ്ങളേയും കൈപിടിച്ചുയർത്താൻ നമുക്കാവുമോ...?

അതിനായി നമുക്കു പരി. അമ്മയോടു മാധ്യസ്ഥ്യം അപേക്ഷിക്കാം. മാർപാപ്പാ തന്റെ ചാക്രികലേഖനത്തിന്റെ അവസാനത്തെ ഖണ്ഡിക സമർപ്പിച്ചിരിക്കുന്നത് മാതാവിനാണ്. കാലിത്തൊഴുത്തിലും കാൽവരിയിലും പ്രത്യാശ കൈവെടിയാത്ത കന്യകാമറിയം...! പ്രത്യാശയിൽ വിശ്വാസം ജീവിക്കുകയും സഹനത്തിലൂടെ വിശ്വാസം തെളിയിക്കുകയും ചെയ്ത അമ്മയോടു നമുക്കും പ്രാർത്ഥിക്കാം.





# സ്വർഗ്ഗം തുറക്കുന്ന മാമ്മോദീസാ

ലീന അറയ്ക്കൽ

“ജനങ്ങൾ മാമ്മോദീസാ സ്വീകരിച്ചപ്പോൾ ഈശോയും മാമ്മോദീസാ സ്വീകരിച്ചു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ ആകൃതിയിൽ അവന്റെമേൽ ഇറങ്ങി. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും ഒരു സ്വരം ഉണ്ടായി. “നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” (ലൂക്കാ 3:21, 22). ഈശോയുടെ മുമ്പിൽ തുറക്കപ്പെട്ട സ്വർഗ്ഗത്തിന്റെ ഫലങ്ങൾ അവിടുത്തെ പ്രവൃത്തികളിലൂടെ ലോകത്തിനു വെളിപ്പെടുത്തപ്പെട്ടു. ഈശോയുടെ ഓരോ ചെയ്തിയും സ്വർഗ്ഗീയ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. “അന്ധർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ചവർ ഉയിർക്കുന്നു, ദരിദ്രരോട് സുവിശേഷം അറിയിക്കപ്പെടുന്നു” (ലൂക്കാ 7:22-23). മാമ്മോദീസാ വേളയിൽ ഓരോ ക്രിസ്ത്യാനിയുടെയും മുമ്പിൽ തുറക്കപ്പെട്ട സ്വർഗ്ഗവും പ. ആത്മാവിന്റെ ആവാസവും “നീ എന്റെ പ്രിയപുത്രനാകുന്നു- പുത്രിയാകുന്നു” എന്ന ദൈവപിതാവിന്റെ സ്വരവും ആഹ്വാനം ചെയ്യുന്നത് മാമ്മോദീസാനന്തരം തന്റെ പരസ്യജീവിതത്തിലൂടെ സ്വർഗ്ഗീയ നന്മകൾ വർഷിച്ച ഈശോയെ അനുകരിക്കുവാനാണ്. അതിനായി:-

**ദൈവത്തോട്:-** മാമ്മോദീസായിൽ സ്വീകരിച്ച ദൈവപുത്രത്വത്തെക്കുറിച്ച് അവബോധമുൾക്കൊണ്ടുകൊണ്ട് അനുദിന പ്രാർത്ഥനയിൽ നീ എന്റെ പ്രിയപുത്രനാകുന്നു എന്ന സ്വരം ശ്രവിക്കുന്നതിനായി നമ്മുടെ ആന്തരികകാതുകളെ തുറക്കാം. ആ പുത്രത്വത്തിൽ ജീവിക്കാം.

**നമ്മോടുതന്നെ:-** മാമ്മോദീസായിൽ സ്വീകരിച്ച പരി. ആത്മാവിന്റെ വാസസ്ഥലമായ നമ്മുടെ ശരീരത്തെ എല്ലാ പാപമാലിന്യങ്ങളിൽനിന്നും അകറ്റി പരിശുദ്ധമായി കാത്തുസൂക്ഷിക്കാം.

**സഹോദരങ്ങളോട്:-** മാമ്മോദീസായ്ക്കുശേഷം നന്മകൾമാത്രം ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച ഈശോയെപ്പോലെ സഹോദരങ്ങളെ സ്നേഹരാഹിത്യത്തിന്റെ അന്ധതയിൽനിന്നും മുടന്തിൽനിന്നും കുഷ്ഠരോഗത്തിൽനിന്നും ബധിരതയിൽനിന്നും മരണത്തിൽനിന്നും പുറത്തു കൊണ്ടുവരുവാനുപകരിക്കുന്ന സ്നേഹദൂതരായി വർത്തിക്കാം.

**സാഹചര്യങ്ങളോട്:-** ആയിരിക്കുന്ന ഏതു സാഹചര്യവും ഏത് അനുഭവവും ഏതു സ്ഥലവും ഏതു സമയവും സ്നേഹം പ്രാവർത്തികമാക്കാനായി ഉപയോഗിക്കാം. അപ്പോൾ ജോർദ്ദാൻ നദിയുടെ മുകളിലും നമ്മുടെ മാമ്മോദീസാ തൊട്ടിയുടെ മുകളിലും തുറക്കപ്പെട്ട സ്വർഗ്ഗം നമുക്കു കാണാം. “നീ എന്റെ പ്രിയ പുത്രനാകുന്നു; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന ദൈവികസ്വരം നമുക്കു കേൾക്കാം.

# പൂമ്പാറ്റ




പുവിലിരിക്കും പൂമ്പാറ്റേ
പാറിനടക്കും പാമ്പാറ്റേ
എന്തൊരു ചന്തം നിന്നുടുപ്പ്
എവിടുന്ന് കിട്ടി പൊന്നുടുപ്പ്

കുഞ്ഞേ കുഞ്ഞേ നമ്മേയെല്ലാം
സൃഷ്ടിച്ചവനോ ദൈവമല്ലേ
അവിടുന്ന് തന്നീ പൊന്നുടുപ്പ്
അവിടുന്ന് നല്കി ചന്തമെല്ലാം

**ലിസാ ജോസഫ്**





NAME:

Address:

കൂട്ടുകാരേ,
ചേരുന്ന ബൈബിൾ വചന
ഭാഗം എഴുതി അയച്ചുതരൂ...
സമ്മാനങ്ങൾ നേടൂ...

**അയയ്ക്കേണ്ട വിലാസം:**
പ്രതീക്ഷയുടെ പൂമൊട്ടുകൾ
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018



# വിലയുള്ള വെള്ളം

**മോ**നേ.... കളിച്ചതുമതി... കുളിക്കാൻ വാ... അമ്മയുടെ ഈ വിളി കേട്ടതും അപ്പുക്കുട്ടൻ തന്റെ പ്രിയ കളിക്കൂട്ടുകാരൻ കുട്ടുകുഞ്ഞാടിനോടൊപ്പം വീണ്ടും തുള്ളിച്ചാടാൻ തുടങ്ങി. “സ്കൂൾ വിട്ടു വന്നപ്പോതൊട്ട് തുടങ്ങിയ കളിയാ... ഇനി മതി... കുഞ്ഞാടിനെ അവന്റെ അമ്മയുടെ അടുത്ത് കൊണ്ട് വിട് അപ്പൂ...” അമ്മ വീണ്ടും ദേഷ്യപ്പെടാൻ തുടങ്ങിയപ്പോൾ മനസ്സില്ലാമനസ്സോടെ അപ്പു കുഞ്ഞാടിനെ കൂട്ടിൽ കയറ്റി വിട്ടു.

അമ്മ അവന്റെ തലയിൽ നല്ലവെളിച്ചെണ്ണ തേച്ചുകുളിപ്പിക്കാനായി ടാപ്പുതുറന്ന് ബക്കറ്റിൽ വെള്ളം പിടിക്കാൻ തുടങ്ങി. അപ്പോഴാണ് അകത്ത് ഫോണടിക്കുന്ന സ്വരം കേട്ടത്. “മോനേ, അമ്മ ഫോണെടുത്തിട്ടു വരാം. ബക്കറ്റ് നിറയുമ്പോൾ ടാപ്പടയ്ക്കണം കേട്ടോ”. എന്നു പറഞ്ഞ് അമ്മ അകത്തേക്ക് പോയി. അപ്പുക്കുട്ടൻ ബക്കറ്റിൽ വെള്ളം വീഴുന്നത് കൗതുകത്തോടെ നോക്കിനിന്നു. കുറേ കഴിഞ്ഞപ്പോൾ ബക്കറ്റ് നിറഞ്ഞു കവിഞ്ഞൊഴുകാൻ തുടങ്ങി... നിലത്തുകൂടി ഒഴുകിയ ആ വെള്ളത്തിൽ അവൻ കാലെടുത്തു വച്ചു. പിന്നെ പതിയെ പതിയെ തുള്ളിച്ചാടാൻ തുടങ്ങി. ഹായ്... ഹായ്... നല്ല രസം... ഇതിനിടയിൽ അമ്മ തിരിച്ചുവന്നു. തിരിച്ചുവന്നപ്പോൾ കണ്ട കാഴ്ച... ടാപ്പിൽ നിന്നും ശക്തമായി വെള്ളം പുറത്തേക്കുപോകുന്നു. നിറഞ്ഞൊഴുകുന്ന വെള്ളത്തിൽ കിടന്നു മറിയുന്ന അപ്പുക്കുട്ടൻ. അമ്മയ്ക്ക് ദേഷ്യം വന്നു. അവനെ പിടിച്ച് എഴുന്നേല്പിച്ച് രണ്ടടിയും കൊടുത്ത് അവനെ കുളിപ്പിച്ചു. നല്ല ഉടുപ്പും ഇടുവിച്ചു. അപ്പോഴും അപ്പുക്കുട്ടൻ കരച്ചിലിന്റെ വക്കിലായിരുന്നു. കരഞ്ഞു വീർത്ത അവന്റെ മുഖത്തേക്ക് ഒരു ചെറുപുഞ്ചിരിയോടെ അമ്മ നോക്കി. പിന്നെ അവനെ വാരിയെടുത്ത് അവന്റെ കുഞ്ഞുകവിളിൽ ഉമ്മ കൊടുത്തുകൊണ്ട് പറഞ്ഞു. “മോൻ കുസൃതികാണിച്ചിട്ടല്ലേ അമ്മ തല്ലിയത്. മോനേ, ഓരോ തുള്ളി വെള്ളവും വിലയുള്ളതാണ്. നിനക്കറിയോ എന്തുമാത്രം മനുഷ്യർ കുടിവെള്ളം പോലും കിട്ടാതെ കഷ്ടപ്പെടുന്നു എന്ന്? അപ്പോൾ നാം വെള്ളം കളഞ്ഞാൽ അത് വലിയ തെറ്റല്ലേ? മോനിനി ഇതാവർത്തിക്കരുത്”. അപ്പുക്കുട്ടൻ അമ്മയുടെ മുഖത്തേക്ക് നോക്കി... അവന്റെ പരിഭവം മാറി... അമ്മയുടെ കഴുത്തിൽ കെട്ടിപ്പിടിച്ചൊരുമ്മ കൊടുത്തുകൊണ്ട് അവൻ പറഞ്ഞു: “അമ്മേ ഞാനിനി ഇതാവർത്തിക്കില്ല കേട്ടോ” പടിവാതിക്കൽ തന്റെ പപ്പായുടെ സ്കൂട്ടറിന്റെ സ്വരം കേട്ട് അവൻ പപ്പായുടെ അരികിലേക്ക് ഓടി.



**മേഘ മരിയ മാത്യു**




Youth Corner

# Some Suggestions to bring Youth back to the Church



**Fr. AbrahamTharmassery**
Youth Director Changanacherry

Young people are as 'Autopoietic', which means "intelligent way of life knowing that is productive and creative." In every person there is an inner power or capacity which helps him or her to take decision. Young are those who are gifted with the inner and external resources and through proper knowledge and proper exercise their lives can be changed easily.

- Today's Church activities should be done in such a way which helps the youth to feel the closeness of God. Church activities should not be mere programs rather each activities should conduct in such a way which will help the youth to feel the closeness of God.
- Church teachings, rituals, practices, beliefs, festivals, ceremonies and all faith oriented activities should lead to God experience. Many of the youth realize that their faith is shallow and inadequate and want it to be strengthened. So it is the duty of Church to help the youth, to develop their borrowed, reflected faith into a mature personalized faith which will help the youth to the fullness of life. So Church teachings, rituals, practices, believes, festivals, ceremonies all faith oriented activities in the Church should help the young to develop their inner faith into a correct personalized faith, into a real God experience. Then they will come to the church.
- Youth should feel that church support them and stands as a consolling model in

their problems, and helps them to cope with the challenges they are facing in their moral lives. Youth long to live a pure, morally upright life. But too often their efforts end in failure. They are pressed by temptation from every side. The physiological, psychological and emotional imbalance which is the characteristics of adolescence has a debilitating effect on their will power and diminishes their ability to withstand temptations. They realize that they are not able to live up to their own moral standards. This is a matter of great concern for them. Here Church has to play an important role. In every situation of their lives they should feel that Church stands as a consoling model and church helps them to cope with the challenges they are facing in moral lives. When they feel Church is with them they will be for the Church and they will participate in the church activities.

- Need of good spiritual modals who can give proper guidance. Today youth are faced with lot of challenges and difficulties in their lives and youth look for guidance. They want someone in whom they can confide, and who can enlighten and encourage them. So some spiritual models like Mother Theresa, St. Alphonsa are still needed who can inspire them and can guide them. All Priests and Religious are called to be spiritual models. If we are spiritual youth will come to you and through you to the Church.

- By practicing what we preach. Youth always watch what Church preaches practice or not. We have to avoid inner conflicts, politicizing Church positions and so on. The Church has to practice what they preach then they will come to the Church. Liturgy should touch the lives of the youth because God experience changes the lives of youth and will help them to lead a moral life. Today youth are searching for God experience because without God experience prayer is not possible. God experience becomes a source of prayer because this experience leads to have a close relationship with God and this relationship begins to grow into a religious life.

**Conclusion**

World without religion is unthinkable and unimaginable and Youth without Church is futureless. Tomorrow is the youth of Today; the youth have therefore an excellence, nobility that must be understood and appreciated by all Youth are the one who needs special care and love. They always feel loneliness in their lives; they feel identity crisis in their lives; they feel that no one is there to listen to them; they cry for help; they feel everything is meaningless in their lives. So they search for a God who can hear them and understand them. In their search for God it is imperative that church be made meaningful and experiential. So today's church activities and practices should be renewed and updated as it touches the hearts of the youth.

We have to 'behold' the young. We should understand what youth is and what youth can be. The Church should behold the youth in their day today lives. Since they have inner resources and ability to change any mental model with knowledge and experience, Church should concentrate not on structures but on such knowledge and experiences which will help them to make a change in their wrong concepts on Church and give up their lives to Church beliefs and practices. Today Church must empower the young in every means of their lives. Today Church has to help the youth to lead their lives into a mature religious life which will help them to attain the fullness of life in Christ

വലിയ മുക്കുവനൊപ്പം

# രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ബൈബിൾ വ്യാഖ്യാന തത്ത്വങ്ങൾ



ഡോ. ജോസഫ് റോബി ആലഞ്ചേരി

**ബൈ**ബിൾ വ്യാഖ്യാനത്തിനുള്ള അടിസ്ഥാനതത്ത്വങ്ങൾ "ദൈവാവിഷ്കരണം" എന്ന പ്രമാണരേഖയിൽ നമ്പർ 12-ൽ ഹ്രസ്വമായി വിവരിക്കുന്നുണ്ട്. ഒരു വശത്ത് വി. ഗ്രന്ഥത്തിന്റെ രചയിതാവ് ഉദ്ദേശിച്ച അർത്ഥം മനസ്സിലാക്കുന്നതിന് ചരിത്ര-സാഹിത്യപഠനം ആവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. "നിശ്ചിതസാഹചര്യങ്ങളിൽ വിശുദ്ധ ഗ്രന്ഥകാരൻ തന്റെ കാലത്തിന്റെയും സംസ്കാരത്തിന്റെയും പരിതഃസ്ഥിതിക്കനുസൃതമായി അക്കാലത്ത് ഉപയോഗിച്ച സാഹിത്യരൂപത്തിന്റെ സഹായത്താൽ ദ്യോതിപ്പിക്കാൻ ഉദ്ദേശിച്ചതും പ്രദ്യോതിപ്പിച്ചതും ആയ അർത്ഥം വ്യാഖ്യാതാവ് പരിശോധിക്കേണ്ടിയിരിക്കുന്നു" (DV 12). ചരിത്ര-വിമർശനാത്മകരീതി എന്ന് കൗൺസിൽ എടുത്തുപറഞ്ഞിട്ടില്ല. എന്നിരുന്നാലും ആ വ്യാഖ്യാനരീതിതന്നെയാണ് ഇവിടെ വിവക്ഷിക്കുന്നത്.

മറുവശത്ത്, ഒരുതരം ദൈവശാസ്ത്രവ്യാഖ്യാനരീതിയെക്കുറിച്ചും കൗൺസിൽ പരാമർശിക്കുന്നുണ്ട്. അതായത്, ഏത് അരൂപിയിലാണോ ഗ്രന്ഥം രചിക്കപ്പെട്ടത് ആ അരൂപിയാൽ തന്നെ വി. ഗ്രന്ഥം വ്യാഖ്യാനിക്കപ്പെടണം. ഇതിന് മൂന്ന് മാനദണ്ഡങ്ങളും കൗൺസിൽ രേഖ നിശ്ചയിച്ചിട്ടുണ്ട്. 1). വി. ലിഖിതങ്ങളെ ഒന്നാകെ കണ്ടുകൊണ്ട്, അവയുടെ ഐക്യത്തിൽ (unity of scriptures) ശ്രദ്ധ പതിപ്പിച്ചുകൊണ്ട് വചനഭാഗം വ്യാഖ്യാനിക്കപ്പെടണം. 2). സഭയുടെ സജീവപാരമ്പര്യം കണക്കിൽ എടുത്തുകൊണ്ടുവേണം വ്യാഖ്യാനശാസ്ത്രങ്ങൾ രൂപപ്പെടാൻ. അതായത് സഭയുടെ പ്രാർത്ഥനകൾ, ഔദ്യോഗികപ്രബോധനങ്ങൾ, വിശുദ്ധരുടെ രചനകൾ ഇതെല്ലാം ബൈബിൾ വ്യാഖ്യാനത്തിന്റെ ഉറവിടങ്ങളാണ്. 3). വിശ്വാസത്തിന്റെ സാധർമ്മ്യത്തോട് (analogy of faith)

ആദരവ് പുലർത്തണം, അഥവാ സഭാപ്രബോധനത്തോടും വിശ്വാസസത്യങ്ങളോടും ഒത്തുപോകുന്നതാവണം വ്യാഖ്യാനരീതികൾ.

ബൈബിളിന്റെ മാനുഷിക-ദൈവികമാനങ്ങളെ ഉൾക്കൊള്ളുന്ന ഒരു വ്യാഖ്യാനരീതിയാണ് കൗൺസിൽ അടിസ്ഥാനാഭിമുഖ്യമായി മുന്നോട്ടുവെച്ചത്.

## ബൈബിൾ വ്യാഖ്യാനത്തിലെ ചില തെറ്റായ പ്രവണതകൾ

ഇരുപതാം നൂറ്റാണ്ടിൽ ബൈബിൾ വ്യാഖ്യാനശാസ്ത്രരംഗത്ത് അസൂയാവഹമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ അതോടൊപ്പം തന്നെ ആശാവഹമല്ലാത്ത ചില പ്രവണതകളും കടന്നുകൂടിയിരിക്കുന്നു. കൗൺസിൽ മുന്നോട്ടുവെച്ച വ്യാഖ്യാനതത്ത്വങ്ങളെ തെറ്റിദ്ധരിച്ച് വ്യാഖ്യാനിച്ചതിന്റെയും ചൈതന്യം ഉൾക്കൊള്ളാതെ മനസ്സിലാക്കിയതിന്റെയും ന്യൂനതയാണത്. ആധുനിക ബൈബിൾ വ്യാഖ്യാനത്തിലെ ചില അപകടങ്ങൾ മാത്രം ചൂണ്ടിക്കാട്ടാം.

1. ബൈബിൾ വ്യാഖ്യാനത്തെ ചരിത്രാത്മകരീതിമാത്രമായി ചുരുക്കുക. ചരിത്രാത്മക രീതിയുടെ ശക്തിയും ബലഹീനതയും ചരിത്രത്തിലാണ്. രീതിയുടെ വിശ്വസ്തത കൂടും തോറും തിരുവചനത്തെ ചരിത്രമായി വായിച്ച്, ചരിത്രം മാത്രമായി ഉപേക്ഷിക്കുന്നു. അതുപോലെതന്നെ തിരുവചനത്തെ മനുഷ്യവചനം മാത്രമായി വായിക്കേണ്ട ഗതികേടിലാകുന്നു.

2. വി. ഗ്രന്ഥവ്യാഖ്യാനത്തെ ചരിത്രശാസ്ത്രമാക്കിയാൽ അതിനെ ദൈവശാസ്ത്രത്തിൽനിന്നും വേർപെടുത്തി വായിക്കുന്ന പ്രവണത സംജാതമാകും. പരസ്പരപൂരകമാകേണ്ട ഈ രണ്ട് പഠനമേഖലകൾ ഭിത്തികെട്ടി വേർപെട്ടാൽ എന്നവണ്ണം ബന്ധമില്ലാതാകുന്നു. ബൈബിൾ വ്യാഖ്യാനത്തിൽ ദൈവശാസ്ത്രം, പ്രത്യേകിച്ച് പ്രതീകാത്മകദൈവശാസ്ത്രം (Symbolic theology) സംസാരിക്കാൻ പാടില്ല എന്ന മിഥ്യാധാരണ പല ബൈബിൾ പണ്ഡിതർക്കുമുണ്ട്.

3. വിശ്വാസത്തെ ഒഴിവാക്കി, മതനിരപേക്ഷമായ രീതിയിൽ ബൈബിൾ വായിക്കുക. ഈ സിദ്ധാന്തമനുസരിച്ച്, ബൈബിൾ ഭാഗങ്ങളിൽ ദൈവികമായ ഒരു അതിസ്വാഭാവിക ഘടകം കാണപ്പെട്ടാൽ അതിനോട് കണ്ടില്ലെന്നു നടിച്ച് വെറും മാനുഷികമായി മാത്രം വിശദീകരിക്കേണ്ടതായി വരുന്നു. വിശ്വാസമില്ലാതെ ആർക്കും ബൈബിൾ വ്യാഖ്യാനം സാധ്യമല്ല.

4. ദൈവത്തെ ചരിത്രത്തിനു പുറത്തുനിറുത്തി ബൈബിൾ വ്യാഖ്യാനിക്കുക. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനപരമായ മഹാരഹസ്യങ്ങൾ സംബന്ധിച്ചും അവ ചരിത്രസംഭവങ്ങളാണെന്നത് സംബന്ധിച്ചും സംശയം ജനിപ്പിക്കുന്നതാണ് ഈ നിലപാട്. ഉദാഹരണത്തിന്, വി. കുർബാനയുടെ സ്ഥാപനത്തെയും മിശിഹായുടെ പുനരുത്ഥാനത്തെയും കുറിച്ച് ദാർശനികമായ ഒരു വ്യാഖ്യാനം ഇക്കൂട്ടർ നമ്മെ അടിച്ചേല്പിക്കുന്നു. വി. കുർബാന അവർക്കൊരു അത്താഴം മാത്രമാവും, കുരിശിലെ മരണത്തിന്റെ മുന്നാസ്വാദനമാവില്ല.

ആധുനികബൈബിൾ വ്യാഖ്യാനത്തിലെ ചില പാകപ്പിഴകളാണിവ. കൗൺസിൽ ആഗ്രഹിച്ച വ്യാഖ്യാനതത്ത്വങ്ങളുടെ ഭാഗികമായ സ്വീകരണം കൊണ്ട് ഉണ്ടായ ന്യൂനതയാണിത്. വാച്യാർത്ഥത്തിന് അപ്പുറം പോകേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പ്രതീക്ഷയുടെ പൂമൊട്ടുകൾ

**ദനഹാക്കാലം**

യോർദ്ദാൻനദിയിൽവച്ച് ഈശോ മാമ്മോദീസാ സ്വീകരിച്ചപ്പോൾ പരിശുദ്ധത്രിത്വത്തിന്റെ വെളിപ്പെടുത്തലുമുണ്ടായി. സ്വർഗ്ഗം തുറക്കപ്പെടുകയും പുത്രനെ ലോകത്തിനു വെളിപ്പെടുത്തുന്ന പിതാവിന്റെ സ്വരം മുഴങ്ങുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരികയും ചെയ്തു (മത്താ 3,16-17). നമുക്കുവേണ്ടി ഭൂമിയിൽ ജാതനായ പുത്രനെ അറിഞ്ഞ്, അനുകരിച്ച്, പുത്രനുമായി താദാത്മ്യം പ്രാപിക്കുന്നതനുസരിച്ച് പിതാവിന്റെ സ്നേഹവും പരിശുദ്ധാരൂപിയുടെ സഹവാസവും നമ്മിലുണ്ടാകുന്നു.

മനുഷ്യകുലവുമായുള്ള ദൈവത്തിന്റെ സംസാരം-9



# ദൈവത്തിന്റെ സംസാരം ഈശോയിലൂടെ

**റോസമ്മ കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*"പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർവഴി വിവിധഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി അവിടുന്ന് നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1,1-2).*

ഈശോ പിതാവിന്റെ പ്രകാശനവും മാനവവംശത്തോടുള്ള ദൈവത്തിന്റെ സംഭാഷണവുമാണ്. തന്റെ മനുഷ്യാവതാരത്തിലൂടെ ഈശോ നമുക്ക് പിതാവിനെ വെളിപ്പെടുത്തിതരുന്നു. പുതിയനിയമത്തിലാണ് പരിശുദ്ധ ത്രിത്വം പൂർണ്ണതയിൽ മനുഷ്യർക്ക് വെളിപ്പെടുത്തുന്നത്. ശ്ലീഹന്മാർ പരി. ത്രിത്വത്തെ അറിഞ്ഞിരുന്നില്ല. ഈശോയാണ് മനുഷ്യന് അഗ്രാഹ്യമായ ദൈവത്തിന്റെ ജീവിതം വെളിപ്പെടുത്തിയത്. പിതാവിനെക്കുറിച്ചുള്ള ഈശോയുടെ സംസാരം ശിഷ്യരിൽ ജിജ്ഞാസയുണർത്തി. പീലിപ്പോസ് ഈശോയോടു പറഞ്ഞു: "കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക. ഞങ്ങൾക്ക്

അതുമതി. ഈശോ പറഞ്ഞു: ഇക്കാലമത്രയും ഞാൻ നിങ്ങളോടുകൂടെയായിരുന്നിട്ടും പീലിപ്പോസേ, നീ എന്നെ അറിയുന്നില്ലേ? എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ 14,8-9).


ഈശോ തന്റെ മനുഷ്യാവതാരത്തിലൂടെയും ജീവിതമരണോത്ഥാനങ്ങളിലൂടെയും പിതാവിനെ നമുക്ക് വെളിപ്പെടുത്തി. അവിടുന്ന് തന്റെ മനുഷ്യപ്രകൃതിയിലൂടെ ദൈവത്തിന്റെ സ്നേഹം നമുക്ക് വെളിപ്പെടുത്തുന്നു. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹി ച്ചു" (യോഹ 3,16). ഈശോ നമ്മുടെയിടയിൽ വന്നില്ലായിരുന്നെങ്കിൽ ഇത്രമാത്രം, ഈ രീതിയിൽ പിതാവ് നമ്മെ സ്നേഹിക്കുന്നുണ്ട് എന്നത് മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുമായിരുന്നില്ല. മാനവരാശിയോടുള്ള ദൈവത്തിന്റെ സംഭാഷണത്തിന്റെ പൂർണ്ണതയാണ് വചനം മാംസം ധരിച്ച ഈശോ. ദൈവത്തിന്റെ അനന്തമായ സ്നേഹം വെളിപ്പെടുത്തുക എന്നതും മനുഷ്യാവതാരത്തിന്റെ ലക്ഷ്യമായിരുന്നു.

ഈശോ പിതാവിനെ മാനുഷികയാഥാർത്ഥ്യങ്ങളിലൂടെ വെളിപ്പെടുത്തുന്നു. ഈശോ നമ്മുടെയിടയിലായിരുന്നുകൊണ്ട് നമ്മോടു സംസാരിക്കുന്നു, നമ്മോടുകൂടി ജീവിക്കുന്നു, നമ്മിലൊരുവനെപ്പോലെയാകുന്നു. തിരുവചനങ്ങളിൽ ഈശോയെ കാണുമ്പോഴെല്ലാം പിതാവിനെയും കണുവാൻ നമുക്കു കഴിയണം. തന്റെ ഓരോ ചെറിയ പ്രവൃത്തിയിലൂടെയും ഈശോ പിതാവിനെയാണ് വെളിപ്പെടുത്തുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ആഗ്രഹിക്കുന്നത് വചനം മാംസം ധരിച്ച്, മനുഷ്യരൂപം സ്വീകരിച്ച്, ദൈവത്തിന്റെ സ്നേഹം നേരിട്ട് മനുഷ്യന് പ്രകടമാക്കുക എന്നതാണ്. അതിനാൽത്തന്നെ ഈശോ ദൈവസ്നേഹത്തിന്റെ മാനുഷികപ്രകാശനമാണ്. തന്മൂലം ഈശോയിൽ നാം കാണുന്നതെല്ലാം പിതാവായ ദൈവത്തിലും കാണണം.

പിതാവിന്റെ യഥാർത്ഥ മുഖം നമുക്ക് വെളിപ്പെടുത്തി തരുന്നത് ഈശോയാണ്. ഈശോ തന്റെ പുണ്യങ്ങളിലൂടെ ദൈവത്തിന്റെ പുണ്യങ്ങളെയാണ് നമ്മെ അറിയിക്കുക. ഈശോ പിതാവിന്റെ പ്രകാശനമായതിനാൽ ഈശോയിൽ കാണുന്ന സ്നേഹം, അനുകമ്പ, കാരുണ്യം, ക്ഷമ തുടങ്ങിയ എല്ലാ ദൈവിക ഭാവങ്ങളും പിതാവിന്റേതാണ്. തന്റെ പുത്രനിലൂടെ സ്വയം വെളിപ്പെടുത്തിയ പിതാവിന്റെ സ്നേഹത്തിന് വിശ്വാസത്തിലൂടെ നമുക്ക് പ്രത്യുത്തരം കൊടുക്കാം. ദൈവത്തെയും സഹോദരങ്ങളെയും ഒരുപോലെ സ്നേഹിച്ചുകൊണ്ട് നല്ല ദൈവമക്കളായി നമുക്കു ജീവിക്കാം.

### ദനഹാക്കാലം

'നിനിവേക്കാരുടെ യാചന' എന്ന പേരിലറിയപ്പെടുന്ന മൂന്നു നോമ്പാചരണം ദനഹാക്കാലത്തിലാണ് ആചരിക്കുക. യോനാപ്രവാചകൻ തിമിംഗലത്തിന്റെ ഉദരത്തിൽ മൂന്നുദിവസം കഴിഞ്ഞതിന്റെ ഓർമ്മയായാണ് ഇത് ആചരിക്കുന്നത്. പകർച്ചവ്യാധിയിൽനിന്നും ദൈവം രക്ഷിച്ചതിന്റെ നന്ദിയായാണ് മൂന്നു നോമ്പാചരണം തുടങ്ങിയതെന്ന മറ്റൊരു ചരിത്ര പശ്ചാത്തലവുമുണ്ട്.



ഇടവകയിൽ ഹോം മിഷൻ നടത്തുന്നതിന്റെ ഭാഗമായി സന്ദർശിച്ചതാണ് ഈ ഭവനം അപ്പനും അമ്മയും മകനും മരുമകളും രണ്ട് കൊച്ചു മക്കളും അടങ്ങുന്ന കുടുംബം. പെൺമക്കളെയൊക്കെ നല്ല നിലയിൽ കെട്ടിച്ചയച്ചു. ഏക മകനെ കണക്കിലധികം ലാളിച്ചു വളർത്തി.

പുറമേ കണ്ടാൽ യാതൊരു പ്രശ്നങ്ങളുമില്ലാത്ത സന്തുഷ്ട കുടുംബം. എന്നാൽ ഉമിത്തീപോലെ എരിയുന്ന മനസ്സുമായി ഒരു മരുമകൾ... തന്റെയും മകന്റെയും സ്നേഹത്തിനിടയിലേക്ക് വന്ന മരുമകളെ ഉൾക്കൊള്ളാൻ അമ്മായിയമ്മയ്ക്കാവുന്നില്ല. "ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം" എന്ന നിലപാടിലാണ് അമ്മായിയമ്മ. മകന്റെ മക്കൾക്ക് ഒരു

കുടുംബവേദി



# ഭദ്രദീപം കരിന്തിരി കത്തിയാൽ...

**ഷീലമ്മ പൂതക്കുഴി**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

അപ്പനും അമ്മയും അത്യാവശ്യം ആരോഗ്യമുള്ളവർ. അപ്പൻ ഗവൺമെന്റ് സർവീസിൽ നിന്നും വിരമിച്ച്, മാസം പതിനായിരത്തിലധികം രൂപാ പെൻഷൻ വാങ്ങുന്നയാൾ. അമ്മയാണെങ്കിൽ, ആട്, കോഴി കൃഷികളിലൂടെ സ്വന്തമായി വരുമാനമുണ്ടാക്കുന്നു. മകനും മരുമകൾക്കും സാമാന്യം ഭേദപ്പെട്ട ജോലി. പോരാത്തതിന് അത്യാവശ്യം പറമ്പിലാദായവും. സന്തോഷമായി, സമാധാനമായി ജീവിക്കാനുള്ള എല്ലാ സാഹചര്യങ്ങളും!

ഗ്ലാസ്സ് വെള്ളം എടുത്തു കൊടുക്കാനോ, കുഞ്ഞുങ്ങൾ ചോദിച്ചാൽ ഭക്ഷണം കൊടുക്കാനോ മനസ്സ് കാണിക്കാതെ അവർക്കെതിരെ ശാപവാക്കുകൾ ഉച്ചരിക്കുന്ന വല്ല്യമ്മ. കൊച്ചു മക്കളുടെ കുസൃതികളും ബഹളങ്ങളും ആസ്വദിക്കേണ്ടവർ, ഒരു ദിവസം കുഞ്ഞുങ്ങൾക്ക് അവധി കിട്ടിയാൽ, "എനിക്ക് നോക്കാൻ വയ്യാ, നിന്റെ വീട്ടിൽ കൊണ്ടുപോയി വിട്" എന്നു പറഞ്ഞ് കടമകൾക്കുനേരെ പുറം തിരിഞ്ഞ് നിൽക്കുന്നു. സ്വന്തമായി വളർത്തുന്ന ആടിന്റെ പാലിൽനിന്ന് ഒരല്പം അസുഖമുള്ള കൊച്ചു

മകന് കൊടുക്കാൻ പോലും തയ്യാറാകാത്ത വല്ല്യമ്മ. ഇവിടെ കൊച്ചുമക്കൾക്ക് ഒരു നാടൻ കോഴിമുട്ട കഴിക്കണമെങ്കിൽ, മരുമകൾ അമ്മായിയമ്മയ്ക്ക് മാർക്കറ്റ് വിലയെക്കാൾ പത്തു പൈസ കൂടുതൽ കൊടുത്ത് വാങ്ങണം. കൊച്ചുമക്കളോടുള്ള സ്നേഹം എത്ര അപാരം!!

സന്ധ്യാസമയത്ത് കൊച്ചുമക്കളെ ചേർത്തിരുത്തി സുകൃതജപം ചൊല്ലിക്കുകയും സന്ധ്യാപ്രാർത്ഥന ചൊല്ലിപഠിപ്പിക്കുകയും കൊച്ചുകൊച്ചു കഥകളിലൂടെ വലിയകാര്യങ്ങൾ പഠിപ്പിക്കുകയും ചെയ്ത എന്റെ വല്ല്യമ്മയെ ഓർത്തപ്പോൾ അറിയാതെ കണ്ണുകൾ ഈറനായി!

സന്ധ്യാപ്രാർത്ഥനയുടെ സമയത്ത് അപ്പനുമായി വഴക്കിടുകയും വാക്കൗട്ട് നടത്തുകയും ചെയ്യുന്ന അമ്മ! അപ്പന് അത്താഴം വിളമ്പിക്കൊടുത്താൽ കുറ്റം, ഇനി വിളമ്പിയില്ലെങ്കിലോ – അതും കുറ്റം! മരുമകളോട് ഒരക്ഷരം മിണ്ടുകില്ല എന്നല്ല, ഒന്ന് നോക്കുവാൻ കൂടി മനസ്സു കാണിക്കാത്ത അമ്മായിയമ്മ! തന്റെ സ്വകാര്യ സമ്പാദ്യം, മരുമകൾ കാണാതെ ഒളിച്ചുവച്ചിട്ട്, പണം വച്ചസ്ഥലം മറന്നു പോവുകയും മരുമകളെ "മോഷണക്കുറ്റം" ചുമത്തി കുരിശിലേറ്റുകയും രാവിലെ ജോലിക്ക് പോകാൻ സ്കൂട്ടർ സ്റ്റാർട്ടു ചെയ്യുമ്പോൾ "നീ ഒരുപ്പോക്കുപോകുമെടീ" എന്ന് ശാപം ചൊരിയുകയും ചെയ്യുന്ന അമ്മായിയമ്മ! ഇവിടെയുള്ളതെല്ലാം ഞാനുണ്ടാക്കിയതാണെന്നും, നീ എന്ത് കൊണ്ടുവന്നുവെന്നും ആക്രോശിച്ചുകൊണ്ട് യാതൊന്നും വിട്ടുകൊടുക്കുവാൻ തയ്യാറാകാതെ, ഗ്യാസടുപ്പ് കത്തിക്കുന്ന ലൈറ്റർ പോലും സ്വന്തമായി വാങ്ങി, മരുമകൾ കാണാതെ ഒളിപ്പിച്ചു വച്ച് ഉപയോഗിക്കുന്ന അമ്മായിയമ്മ.

പൊതു ജനത്തിനുമുൻപിൽ നല്ലപിള്ള ചമയാൻ നിത്യവും അതിരാവിലെ പള്ളിയിൽ പോവുകയും കുർബാന സ്വീകരിക്കുകയും






ചെയ്യുന്ന വിശുദ്ധ സ്ത്രീ രത്നം! ഈ നൂറ്റാണ്ടിലും ഇത്തരം അമ്മായിയമ്മമാർ ജീവിച്ചിരിക്കുന്നുവെന്നറിഞ്ഞാൽ സാക്ഷര കേരളം മൂക്കത്ത് വിരൽ വച്ചുപോകും!

മക്കളെ എത്രമാത്രം ലാളിച്ചു വളർത്തിയാലും, അവർ പ്രായപൂർത്തിയായി, കുടുംബജീവിതം തുടങ്ങിക്കഴിഞ്ഞാൽ അവർക്ക് സ്വാതന്ത്ര്യം കൊടുക്കേണ്ടതും അവർക്ക് അർഹമായ കുടുംബസ്വത്തിന്റെ ഓഹരി വീതം വച്ച് കൊടുക്കേണ്ടതും മാതാപിതാക്കന്മാരുടെ കടമയാണ്. അല്ലാതെ, ഒന്ന് മുടിവെട്ടിക്കണമെങ്കിൽ പോലും അപ്പനോട് പണം ചോദിക്കേണ്ട ഗതികേട് പ്രായമായ മക്കൾക്ക് ഉണ്ടാക്കിക്കൊടുക്കുന്നത് ഒരിക്കലും ശരിയായ നിലപാടല്ല. സ്വന്തം കുടുംബത്തിൽ സമാധാനം വിതച്ച്, ശാന്തമായ കുടുംബജീവിതത്തിന് അടിത്തറ പാകേണ്ടവർ, "സാർഡി കൊടുങ്കാറ്റായി" കുടുംബത്തിൽ നാശം വിതച്ചിട്ട്, അഭിഷേകാഗ്നി കൺവൻഷൻ പന്തലുകൾ തേടി ഓടിയിട്ട് എന്തുകാര്യം? അഭിഷേകാഗ്നിയാണോ അതോ 'നരകാഗ്നി'യാണോ ഞാൻ സ്വന്തമാക്കാൻ പോകുന്നതെന്ന് ഇത്തരക്കാർ ഒന്ന് ആത്മാർത്ഥമായി വിചിന്തനം നടത്തിയാൽ നന്നായിരുന്നു!

പ്രിയമാതാപിതാക്കന്മാരേ, കുടുംബത്തിലെ ഭദ്രദീപങ്ങളാണ് നിങ്ങൾ. പ്രായം ചെന്ന മാതാപിതാക്കൾ, കൊച്ചുമക്കൾക്ക് ഒളിമങ്ങാത്ത മാതൃക ആകേണ്ടവരാണ്. നിങ്ങളുടെ പരസ്പരസ്നേഹം, ഐക്യം, പ്രാർത്ഥനയിലെ ഒന്നിപ്പ്, സൗഹൃദം, പുഞ്ചരി, ഇവയെല്ലാമാണ് കൊച്ചുമക്കളെയും വലിയവരാക്കുന്നത്. നാളെ, വരുംതലമുറയ്ക്ക് അവർ മാതൃകയാകണമെങ്കിൽ, അവർ നിങ്ങളിൽ നിന്നുവേണം പഠിക്കാൻ. "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടേയും സംപ്രീതിയിലും, നസ്രസ്സിലെ തിരുക്കുടുംബത്തിൽ ഉണ്ണീശോ വളർന്നുവന്നതുപോലെ, കുടുംബത്തിൽ കൊച്ചുമക്കൾ വളരണമെങ്കിൽ, അതിന്റെ അടിത്തറ പാകേണ്ടത്, കുടുംബത്തിലെ പ്രായമായ മാതാപിതാക്കന്മാരാണ്. മരുമകളെ, മകളായി കാണാനുള്ള നല്ലമനസ്സ് അവർ സ്വായത്തമാക്കിയെങ്കിലേ, മരുമകൾക്ക് അവർ അപ്പനും അമ്മയും ആവുകയുള്ളൂ". വാർദ്ധക്യദശയിൽ മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് മരുമകൾ ആണ്. ആ കടമ അവരും വിസ്മരിച്ചുകൂടാ.

കുടുംബം ഭൂമിയിലെ സ്വർഗ്ഗമാണ്. അതിനെ സ്വാർഗ്ഗമാക്കാനും നരകമാക്കാനും നമ്മുടെ പ്രവൃത്തികൾക്കൊണ്ട് സാധിക്കും. "ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം, ഒന്നിച്ച് നിലനിൽക്കും". സ്നേഹത്തിന്റെ സ്വർണ്ണനൂലിൽ, പ്രാർത്ഥനയാകുന്ന മുത്തുമണികൾ കൊരുത്ത്, കുടുംബമാകുന്ന അൾത്താരയിൽ സമർപ്പിക്കാം. വെള്ളിത്തിരയിലെ നായകരെപ്പോലെ, നിത്യകാലം അരങ്ങ് നിറഞ്ഞാടാതെ, പുതിയ തലമുറയ്ക്ക് വഴിമാറിക്കൊടുക്കുവാൻ, അണിയറയിലേക്ക് പിൻവാങ്ങുവാനുള്ള ആർജ്ജവം നേടിയെടുക്കുവാൻ പരിശ്രമിക്കാം. സ്വയമെരിഞ്ഞ് പ്രകാശം പരത്തി, ഇല്ലാതാകുന്ന മെഴുകുതിരിപോലെ, പരാതികൂടാതെ, കുടുംബത്തിനുവേണ്ടി എരിയുവാൻ, സ്വയം ഇല്ലാതാകുന്നതിൽ സന്തോഷിക്കുവാൻ പരിശ്രമിക്കുന്നവരാകാം.

**ദനഹാക്കാലം**

ദനഹാതിരുനാളിന്റെ തലേരാത്രിയിൽ മലബാർ ക്രിസ്ത്യാനികളുടെയിടയിൽ പ്രചാരത്തിലിരുന്ന രണ്ട് ആചാരങ്ങളാണ് രാക്കുളിയും പിണ്ടികുത്തിതിരുനാളും. തിരുനാളിന്റെ തലേരാത്രിയിൽ അടുത്തുള്ള കുളത്തിലോ അരുവിയിലോ പോയി, കർത്താവ് മാമ്മോദീസാ സ്വീകരിച്ചതിനെ അനുസ്മരിച്ച് നടത്തുന്ന കുളിയാണ് 'രാക്കുളി' എന്നറിയപ്പെടുന്നത്. ലോകത്തിന്റെ പ്രകാശമായ മിശിഹായെ അനുസ്മരിച്ചുകൊണ്ട് വീടിന്റെ മുറ്റത്ത് തയ്യാറാക്കിയ വാഴപ്പിണ്ടിയിൽ തിരികൾ കൊളുത്തി 'ഏൽപയ്യ' പാടിയാണ് പിണ്ടികുത്തിതിരുനാൾ ആഘോഷിച്ചിരുന്നത്. ഈ പതിവ് ഇന്നും തുടരുന്നവരുണ്ട്.



# പ്രാർത്ഥന

**Sqn.Ldr.K.S.Mathew (Retd)**
Changanacherry

പ്രാർത്ഥന മനുഷ്യനും ദൈവവുമായുള്ള ബന്ധമാണ് (CCC 2565). പ്രാർത്ഥനയുടെ ലക്ഷ്യം ഈ ബന്ധം ദൃഢമാക്കുകയാണ്. ദൈവമനുഷ്യബന്ധത്തിന്റെ എല്ലാത്തലങ്ങളും ഉൾക്കൊള്ളുന്ന പ്രാർത്ഥനയാണ് ഈശോ പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... (മത്താ 6,9-15) എന്ന പ്രാർത്ഥന. ഇതിൽ പിതാവേ എന്ന മലയാള പദം അച്ചടി ഭാഷയിൽ മാത്രം ഉപയോഗിക്കുന്നതാണ്. മലയാള ഭാഷയിൽ സ്വന്തം പിതാവിനെ മക്കളാരും ഇപ്രകാരം വിളിക്കാറില്ല. അത് മതത്തിന്റെയും സ്ഥലത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്തമാണ്. അങ്ങനെ പൊതുവായ ഒരു വാക്ക് വിളിപ്പേരായി ഇല്ലാത്തതുകൊണ്ട് പിതാവേ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ആബാ എന്ന പദം അച്ചടി ഭാഷയിലും സംസാര ഭാഷയിലും ഉപയോഗിക്കുന്ന ഒന്നാണ്. അതായത് മനുഷ്യനും ദൈവവും തമ്മിൽ കേവലം ഔദ്യോഗികമായ ബന്ധമല്ല ഈശോ ലക്ഷ്യം വയ്ക്കുന്നത്, മറിച്ച് സ്നേഹവൈകാരീക തലങ്ങൾ ഉൾക്കൊള്ളുന്ന യഥാർത്ഥ അപ്പനും മക്കളും തമ്മിലുള്ള ബന്ധമാണ്. ആദരവിന്റെ പേരിൽ പലരെയും അപ്പച്ചാ, അച്ചായാ എന്നൊക്കെ വിളിച്ചെന്നുവരാം. എന്നാൽ അവരുടെ മകനോ മകളോ ആണെന്ന് ആരും സമ്മതിക്കുകയില്ല. അപ്പോൾ യഥാർത്ഥപിതാവ്, താൻ ആരുടെ മകനോ മകളോ ആകുന്നുവോ, അദ്ദേഹം മാത്രമാണ്. ഇതുപോലെയാണ്

ദൈവവുമായുള്ള ബന്ധവും, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന് പ്രാർത്ഥിക്കുന്നതിനോടൊപ്പം അവന്റെ മക്കളാണെന്നുള്ള ബോദ്ധ്യത്തിൽ, ആ മഹനീയ പദവിക്കനുസരണമായി, ജീവിക്കുവാൻ പരിശ്രമിക്കുമ്പോഴാണ് സ്വർഗ്ഗസ്ഥൻ യഥാർത്ഥ പിതാവാകുന്നത്. ദൈവമക്കളുടെ പിതാവാണ് സ്വർഗ്ഗസ്ഥനായ ദൈവം.

"നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും" (മത്താ 12,37) എന്ന തിരുവചനം നമ്മുടെ എല്ലാ പ്രാർത്ഥനകൾക്കും മാർഗ്ഗദീപം ആകണം. നമ്മൾ എന്താകുവാൻ ആഗ്രഹിക്കുന്നുവോ അതായിരിക്കണം നമ്മുടെ പ്രാർത്ഥന. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ വളരുവാൻ ആഗ്രഹിക്കുന്നവർ തങ്ങൾ ദൈവമക്കളാണെന്ന ബോദ്ധ്യത്തിൽ പ്രാർത്ഥിക്കണം.

ഓരോ പ്രാർത്ഥനയും നമ്മൾ ആയിരിക്കുന്നിടത്തു നിന്നും ആയിരിക്കേണ്ടിടത്തേക്കുള്ള ഒരു തീർത്ഥയാത്ര ആകണം. അങ്ങനെയുള്ള പ്രാർത്ഥനകൾ നമ്മളെ ദൈവവുമായി കൂടുതൽ അടുപ്പിക്കും.

**ദനഹാക്കാലം ഞായറാഴ്ചകളിലെ വിശുദ്ധഗ്രന്ഥവായനകൾ**

1. ലൂക്കാ 4,14-30; 2 തിമോ 3,10-15
2. യോഹ 1,14-18; ഹെബ്രാ 3,1-6
3. യോഹ 1,29-34; ഹെബ്രാ 4,1-10
4. യോഹ 2,1-11; ഹെബ്രാ 7,23-28
5. യോഹ 3,14-21; ഹെബ്രാ 6,9-15

**ഉപസംഹാരം**

കേരളത്തിലെ കത്തോലിക്കാർ ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും അനുഗൃഹീതരുമാണ്. അതുകൊണ്ട് ദൈവം തന്റെ ദൗത്യം ഏല്പിക്കുവാൻ വേണ്ടി നമ്മുടെ സമൂഹത്തെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിച്ചിരിക്കുന്നു. താരതമ്യേന ലോകത്തിൽ ഏറ്റവും അധികം വിശുദ്ധ കുർബാന അർപ്പിക്കുന്ന സമൂഹം നമ്മൾ തന്നെയാണ്. എന്നാൽ വിശുദ്ധ കുർബാനയോട് വിശ്വസ്തത പുലർത്തുന്നവർ നമ്മുടെ സമൂഹത്തിൽ വളരെ വളരെ വിരളമാണ്. നമ്മൾ നാവുകൊണ്ട് വിശുദ്ധ കുർബാന വലുതെന്ന് പറയുമെങ്കിലും ഹൃദയത്തിൽ ഒന്നാം സ്ഥാനം കൊടുത്തിരിക്കുന്നതും വിശ്വാസം അർപ്പിക്കുന്നതും നൊവേനകളിലും നേർച്ച കാഴ്ചകളിലുമാണ്. ഇങ്ങനെയുള്ള ഒരു സമൂഹത്തിൽ വിശുദ്ധ കുർബാനയോട് വിശ്വസ്തത പുലർത്തി ജീവിക്കുന്നത് യഥാർത്ഥത്തിൽ ഭാരമേറിയ കുരിശുവഹിക്കലാണ്. അതിന് പരിശുദ്ധ അമ്മയുടെ സഹായം കൂടിയേ തീരൂ. വത്സലമക്കളായ് പ്രാർത്ഥിച്ചാൽ വേണ്ട അനുഗ്രഹങ്ങൾ പരിശുദ്ധ അമ്മ നമ്മൾക്കു തരുമെന്ന് ഉറപ്പാണ്. പരിശുദ്ധ അമ്മയുടെ സഹായത്താൽ നമുക്ക് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിൽ ജീവിക്കുവാനും വിശുദ്ധ കുർബാനയോട് വിശ്വസ്തത പുലർത്തുവാനും കഴിയും. ഇങ്ങനെയുള്ള ഒരു വലിയ മാറ്റം നമ്മുടെ സമൂഹത്തെ ഈശോയുടെ വിശ്വസ്ത ദാസന്മാർ ആക്കും. ലോകത്തിൽ പ്രകാശമായ് മാനവരാശിയെ വിശുദ്ധീകരിക്കുവാനുള്ള ദൗത്യം അവിടുന്നു നമ്മളെ ഏല്പിക്കുകയും ചെയ്യും.



# കർമ്മോത്സുകമായ വിശ്വാസസാക്ഷ്യം



**സുജ ചോതിരക്കുന്നേൽ**

*"നിങ്ങൾ സ്വീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന വിശ്വാസം നിങ്ങളുടെ മനസ്സിലും, ഹൃദയത്തിലും സദാ സജീവമായി സൂക്ഷിക്കണം. നിങ്ങളുടെ കിടക്കയിൽ നിങ്ങൾ അത് ഉരുവിടണം. പൊതു നിരത്തുകളിൽ അനുസ്മരിക്കണം. ഭക്ഷണവേളകളിൽ അതു വിസ്മരിക്കരുത്. നിങ്ങളുടെ ശരീരം ഉറങ്ങുമ്പോൾ പോലും നിങ്ങളുടെ ഹൃദയത്തിൽ അതു കാത്തു സൂക്ഷിക്കണം" (വി.അഗസ്തീനോസ്).*

വിശ്വാസജീവിതം ഇന്നു ബാഹ്യവും ആന്തരികവുമായ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ പ്രകാശവും ഭൂമിയുടെ ഉപ്പുമാകേണ്ട ക്രൈസ്തവജീവിതത്തിന് ഉറയില്ലാതാവുകയും, വിളക്ക് മറച്ചുവയ്ക്കപ്പെടുകയും ചെയ്തിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് നാം കാണുക. ക്രൈസ്തവജീവിതം ഇന്ന് അഭിമുഖീകരിക്കുന്ന ഈ ശൂന്യതയെ അതിജീവിക്കുവാനാണ് പ. പിതാവ് വിശ്വാസവർഷം പ്രഖ്യാപിച്ചതും, നവസുവിശേഷവത്ക്കരണത്തിനായി ആഹ്വാനം ചെയ്തതും. ഇന്നത്തെ ലോകത്തിന്റെ അവസ്ഥയും അതിന്റെ പരിണതഫലങ്ങളുമാണ് നവസുവിശേഷവത്ക്കരണത്തെക്കുറിച്ച് ചിന്തിക്കുവാൻ സഭയെ പ്രേരിപ്പിച്ചത്. മനുഷ്യവംശം ചരിത്രത്തിന്റെ പുതിയൊരു ഘട്ടത്തിലൂടെയാണ് കടന്നുപോവുക. ലോകത്തെങ്ങും അഗാധവും, ശീഘ്രതരവും, ഉയർന്ന അളവിലുള്ളതുമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതോടൊപ്പം ലൗകികവത്ക്കരണവും. ഭൗതികതലത്തിൽ മനുഷ്യൻ ക്രമാതീതമായി വളരുകയും, ജീവിതത്തിന്റെ എല്ലാ മേഖലകളിലും മേൽക്കോയ്മ സ്ഥാപിക്കുകയും ചെയ്യുമ്പോൾ നമ്മെ അസ്വസ്ഥമാക്കുന്ന മറ്റൊരു മുഖമുണ്ട് ഇന്നത്തെ ലോകത്തിന്, ഇന്നു മനുഷ്യജീവിതത്തിൽ പ്രകടമായിരിക്കുന്ന രണ്ടു പ്രത്യേകതകൾ സന്തോഷമില്ലായ്മയും പ്രത്യാശയില്ലായ്മയുമാണ്. ഇതിന്റെ ആത്യന്തികഫലം മനുഷ്യൻ ഇന്ന് ഭയത്താൽ നയിക്കപ്പെടുന്നു എന്നതാണ്. ഇങ്ങനെ ഭയത്താലും, ജീവിതത്തെക്കുറിച്ചുള്ള നിഷേധാത്മക ചിന്തകളാലും നിറയപ്പെട്ട സാഹചര്യത്തിൽ സന്തോഷവും പ്രത്യാശയും അതിലൂടെ പുതജീവനും പകരുകയാണ് നവസുവിശേഷവത്ക്കരണം ലക്ഷ്യമിടുന്നത്.

നവസുവിശേഷവത്ക്കരണ ദർശനത്തെക്കുറിച്ച് 'പ്രത്യാശയിൽ രക്ഷ' എന്ന തന്റെ ചാക്രികലേഖനത്തിൽ ബനഡിക്ട് പതിനാറാമൻ പാപ്പാ പറയുന്നു, വിമോചനത്തിനുവേണ്ടിയുള്ള ആധുനികമനുഷ്യന്റെ ഈ ആഗ്രഹത്തിൽ പങ്കുചേരുകയും അവനു നമ്മുടെ പ്രത്യാശയുടെ ആധാരമായ ഈശോമിശിഹായെ കൈമാറികൊടുക്കുകയുമാണ് നവസുവിശേഷവത്ക്കരണം ലക്ഷ്യംവയ്ക്കുന്നത്.

മാറിമാറിവരുന്ന സാഹചര്യത്തിൽ ദൈവരാജ്യത്തിന്റെ ദർശനം സ്വന്തമാക്കുന്നതിൽ ആധുനികമനുഷ്യൻ പരാജയപ്പെടുന്നു. ഈ സാഹചര്യത്തിൽ സഭയെക്കുറിച്ചും. സുവിശേഷപ്രഘോഷണത്തെക്കുറിച്ചും ക്രൈസ്തവജീവിതത്തെക്കുറിച്ചുതന്നെയും പുതിയ ദർശനം അനിവാര്യമായിരിക്കുന്നു. ഈ നവീന പദ്ധതിയാണ് നവസുവിശേഷവത്ക്കരണം. വിശ്വാസം നൂതന പ്രതിസന്ധികളെ നേരി




ടുന്ന ഈ കാലഘട്ടത്തിൽ വിശ്വാസവർഷത്തിന്റെ പ്രഖ്യാപിത ലക്ഷ്യം ക്രൈസ്തവവിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുകയെന്നതാണ്. ഈ ചരിത്രാന്വേഷണത്തിൽ ഒരുവൻ എത്തിച്ചേരേണ്ടത് ഒരു തിരിച്ചറിവിലാണ്. വിശ്വാസത്തിന്റെ ചരിത്രം വിശുദ്ധിയുടെയും, പാപത്തിന്റെയും സമ്മിശ്രചരിത്രമാണെന്നുള്ള തിരിച്ചറിവിൽ. കാരണം ഈ ചരിത്ര പാതയിൽ തങ്ങളുടെ വിശുദ്ധമായ ജീവിതത്തിലൂടെ സഭാ സമൂഹത്തിന്റെ സർഗ്ഗാത്മകവും സഭാത്മകവുമായ സംഭാവനകൾ നൽകിയ അനേകധന്യരുടെ നിരയുണ്ട്.

വിശ്വാസം കേവലം ഏറ്റുപറച്ചിൽ മാത്രമല്ല, അത് എല്ലാ പരീക്ഷണങ്ങളുടെയും, മരണം ഉൾപ്പെടെയുള്ള വെല്ലുവിളികളുടെയും മുന്നിൽ സാക്ഷ്യം നൽകി ജീവിക്കേണ്ട ഒന്നാണ്. സുവിശേഷവത്ക്കരണത്തിന്റെ ആദ്യ തൂണാണ് വിശ്വാസം. രണ്ടാമത്തേത് സ്നേഹവും. നമ്മുടെ ഉള്ളിലെ സ്നേഹം വിശ്വാസത്തിൽ വളരേണ്ടതും, കാരുണ്യത്തിന്റെ തീജ്വാലയിൽ രൂപാന്തരം പ്രാപിക്കേണ്ടതുമാണ്. നാം ഒരു ക്രിസ്ത്യാനിയായിരിക്കുകയെന്നു പറഞ്ഞാൽ ഈ തീജ്വാലയ്ക്ക് അരികിൽ നിൽക്കുകയെന്നതാണ്. ഇത് എന്നെയും എന്റെ അരികിൽ ഇരിക്കുന്നവരെയും ജ്വലിപ്പിക്കണം. ഇതു തന്നെയാണ് സുവിശേഷവത്ക്കരണം.

നാം ലോകത്തെ സുവിശേഷവത്ക്കരിക്കേണ്ടത്, ഒന്നാമതായി നമ്മുടെ പെരുമാറ്റം കൊണ്ടും ജീവിതംകൊണ്ടുമാണ്. മറ്റു വാക്കിൽ പറഞ്ഞാൽ ഈശോയോടുള്ള വിശ്വസ്തതയുടെ സജീവസാക്ഷ്യം കൊണ്ടാണ്. ചുരുക്കത്തിൽ വിശുദ്ധിയുടെ സാക്ഷ്യം കൊണ്ടാണ്. സുവിശേഷവത്ക്കരിക്കപ്പെടുകയും. സുവിശേവത്കൃതരാകാൻ സ്വയം അനുവദിക്കുകയും ചെയ്തെങ്കിൽ മാത്രമേ ആളുകൾ സുവിശേഷവത്ക്കരിക്കാൻ പ്രാപ്തരാകുകയുള്ളൂ. അതായത് ഈശോയുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിലൂടെയും അവിടുത്തോടുള്ള കൂട്ടായ്മയിലുള്ള ജീവിതത്തിലൂടെയും ആദ്ധ്യാത്മികമായി നവീകരിക്കപ്പെട്ടവരായാലേ അതിനുള്ള കഴിവുണ്ടാവുകയുള്ളൂ. അത്തരം ആളുകൾക്ക് വിശ്വാസം കൈമാറാനുള്ള ശക്തിയുണ്ട്. പൗലോസ്ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നതുപോലെ 'ഞാൻ വിശ്വസിച്ചു. അതുകൊണ്ട് ഞാൻ സംസാരിച്ചു' (2 കോറി 4,13). ആയതിനാൽ നാം പ്രധാനമായി നിർവഹിക്കേണ്ട ഒരു ദൗത്യമായിരിക്കണം നവസുവിശേഷവത്ക്കരണം.

നവസുവിശേഷവത്ക്കരണത്തെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നു, "സഭയുടെ ആരംഭകാലത്തെ പ്രചോദനം നമ്മിൽ വീണ്ടും ഉജ്ജ്വലിപ്പിക്കണം. ശ്ലൈഹിക പ്രഘോഷണത്തിന്റെ തീക്ഷ്ണത നമ്മിൽ നിറയാൻ അനുവദിക്കണം." "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ഹാ കഷ്ടം" (1 കോറി 9,16) എന്നു വിളിച്ചുപറഞ്ഞ വി. പൗലോസിന്റെ ജ്വലിക്കുന്ന അവബോധം നമ്മിൽ പുനരുജ്ജീവിപ്പിക്കണം.

വിശ്വാസത്തിനു സാക്ഷ്യം നൽകാനും, നമ്മുടെ വിശ്വാസത്തിന്റെ കാരണങ്ങളെ സംബന്ധിച്ച് ചോദിക്കുന്നവർക്ക് മറുപടി കൊടുക്കുവാനുമുള്ള പുതിയ രൂപങ്ങൾ ആസൂത്രണം ചെയ്യാനുള്ള പുതിയൊരു ഘട്ടം തുടങ്ങാൻ പരി. പിതാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അതിനായി വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുക. വിശ്വാസമാന്ദ്യം സംഭവിച്ച ലോകത്തിൽ നവസുവിശേഷവത്ക്കരണത്തിലൂടെ മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന രക്ഷയുടെ അനുഭവം പ്രദാനം ചെയ്യുക. വിശ്വാസത്തിന്റെ ആഴം കൂട്ടാനും, തെറ്റും കുറവും കൂടാതെ കൈമാറാനും സഭാമക്കൾ ജാഗ്രത പുലർത്തണം. സഭയിലെ രക്തസാക്ഷികളെപ്പോലെ വിശ്വാസത്തിനായി ജീവൻ ത്യജിക്കാൻ നാം സന്നദ്ധരാകണം. ശ്ലീഹന്മാരിലൂടെ ദൈവം പകർന്നുനല്കിയ വിശ്വാസം കറകൂടാതെ കാത്തുസൂക്ഷിക്കുവാനും സ്വന്തം ജീവിതത്തിൽ വിശ്വാസത്തിന്റെ പ്രകാശവും, സൗരഭ്യവും പരത്തുവാനും, കത്തിജ്വലിക്കുന്ന ഈ വിശ്വാസം തലമുറകളിലേക്കു പകർന്നുനൽകുവാനും സഭാമക്കൾക്കു കഴിയണം. വിശ്വാസം ഒളിച്ചു വയ്ക്കാനുള്ളതല്ല, സധൈര്യം പരസ്യമായി പ്രഘോഷിക്കാനുള്ളതാണ്. മുന്നോട്ടുള്ള ജീവിതത്തിൽ സഭാമക്കളെ നിലനിർത്താൻ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിനുമാത്രമേ കഴിയൂ. ബൗദ്ധികമായ പഠനങ്ങളിൽ മാത്രം ഒതുക്കിനിർത്താനുള്ളതല്ല വിശ്വാസം. സഭയ്ക്കെതിരെ പല കോണുകളിൽനിന്നും തെറ്റായ പ്രചാരണങ്ങൾ തുടർച്ചയായി ഉയരുന്ന ഈ കാലത്തു ദൈവവിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുന്നതിനൊപ്പം സഭയ്ക്കൊപ്പം മുന്നോട്ടു പോകാൻ സഭാമക്കൾക്കു കഴിയട്ടെ.

(കടപ്പാട്: ഒസർവത്തോററൊമാനോ)





# അമ്മയ്ക്കൊപ്പം വിശ്വാസവഴിയേ



**അനിത ആത്രശ്ശേരിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

1. ജോർദ്ദാനിൽ വച്ചൊരുനാളിൽ
സ്നാനം കൈക്കൊണ്ടതുവഴിയായി
റൂഹായാൽ പുതുസ്നാനം നീ
നൽകിടുമെന്നത് വെളിവാക്കി
ആത്മാവിൽ ബലമുള്ളവരായ്
അവനിയിലെന്നും ജീവിക്കാൻ
അമ്മേ സുതനോടെന്നെന്നും
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

2. ഇവനെൻ തനയൻ സംപ്രീതൻ
എന്നുര ചെയ്തു പ്രിയതാതൻ
നവമൊരു ബോധനമിതുവഴിയായ്
മാനവമക്കൾ കൈക്കൊണ്ടു
മാമ്മോദീസാ വഴി ഞങ്ങൾ
പ്രിയസുതരായി തീർന്നതിനാൽ
ദൈവപ്രീതിയിൽ ജീവിക്കാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

3. കർത്താവിൻ തിരുസ്നാനത്തിൽ
താതനോടൊപ്പം റൂഹായും
നവമൊരു വെളിപാടന്നവിടെ
വിരചിച്ചത് പരിശോഭിതമായ്
തിരുവചനത്തിൻ ദീപ്തിയിലീ
ജീവിതമെന്നും ശോഭിപ്പാൻ
അത്മവിശുദ്ധി വരിച്ചിടുവാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

4. പാപത്തിന്നടിമത്തത്തെ
പാടെയകറ്റി ലോകത്തിൽ
വിശ്വാസത്തിന്നൊളി വിതറി
പാവനമാക്കി തീർത്തല്ലോ
വിശ്വാസത്തിൻ പ്രഭയാലെ
നിർമ്മലമാനസരായെന്നും
വിശുദ്ധിനേടി വിരാജിക്കാൻ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

5. ചോദിക്കുംമുമ്പന്യൂനം
ആശകളഖിലമറിഞ്ഞീടും
തിരുഹിതമൊത്തു ചരിച്ചീടാൻ
നിരുപമമാം കൃപയേകുന്നു
സോദരനന്മയ്ക്കായെന്നും
സേവനമനിശം ചെയ്തീടാൻ
മാതൃക നൽകിയ മാതാവേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്.

**പ്രാർത്ഥിക്കാം**

ഞങ്ങളുടെ കർത്താവായ ദൈവമേ, നന്റെ അനുഗൃഹീതയായ മാതാവ് പരി. കന്യാമറിയത്തിന്റെ പ്രാർത്ഥനയാൽ ഞങ്ങൾക്ക് ആത്മീയവും ശാരീരികവുമായ സഹായവും സംരക്ഷണവും പ്രദാനം ചെയ്യണമേ. നിന്റെ രാജ്യത്തിലെ നിത്യവിരുന്നിൽ ഞങ്ങളെയും പങ്കാളികളാക്കണമേ. പരി. മറിയത്തിന്റെ സംരക്ഷണയിൽ വളർന്നുവന്ന ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോയേ ക്രിസ്തീയവിശ്വാസത്തിൽ വളർന്നുവരുവാൻ ഞങ്ങളേവരേയും അനുഗ്രഹിക്കണമേ. പരി. അമ്മയെപ്പോലെ ജീവിതത്തിലുടനീളം പ്രതിഫലിക്കുന്ന ദൈവതിരുമനസ്സിന് വിധേയപ്പെടാനും സഹനങ്ങളും ത്യാഗങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ നിർഭയം വിശ്വാസത്താൽ ശക്തിപ്രാപിക്കാനും ഞങ്ങളെ യോഗ്യരാക്കണമേ. ഈ അപേക്ഷകളൊക്കെയും ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി ഞങ്ങൾക്ക് തന്നരുളണമേ, ആമ്മേൻ.









# കളർഫുൾ സെലബ്രേഷൻസ്

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**

ഏതാനും നാളുകൾക്കുമുമ്പ് ഒരു വികാരിയച്ചൻ തനിക്കുണ്ടായ ഒരനുഭവം പങ്കുവച്ചു. അച്ചന്റെ ഇടവകയിലെ സാമാന്യം സാമ്പത്തികശേഷിയുള്ള ഒരു കുടുംബത്തിലെ ഒരു കുഞ്ഞിന്റെ പ്രാരംഭകൂദാശകളുടെ സ്വീകരണമാണ് പശ്ചാത്തലം. ചടങ്ങ് ആഘോഷമാക്കുന്നതിനുവേണ്ടി എല്ലാ ക്രമീകരണങ്ങളും അവർ ചെയ്തിട്ടുണ്ട്. സമയമായപ്പോൾ വികാരിയച്ചൻ കൂദാശാപരികർമ്മത്തിനു വന്ന വൈദികനെയുംകൂട്ടി പള്ളിയുടെ ആനവാതില്ക്കൽചെന്ന് കർമ്മങ്ങൾ ആരംഭിച്ചു. തുടർന്ന് മാമ്മോദീസാത്തൊട്ടിയുടെ സമീപമെത്തിയപ്പോൾ ജ്ഞാനസ്നാന മാതാപിതാക്കൾ മാറിയതായി അച്ചൻ ശ്രദ്ധിച്ചു. ആദ്യം കുഞ്ഞിനെ എടുത്തിരുന്ന വല്യപ്പനും വല്യമ്മയും മൂലയ്ക്കു മാറി നില്പുണ്ട്. കുഞ്ഞിനെ എന്തുകൊണ്ടാണ് കൈമാറിയതെന്ന് ചോദിച്ചപ്പോൾ കുഞ്ഞിന്റെ പിതാവ് പറഞ്ഞതിപ്രകാരമാണ്. അച്ചോ, ഇതെന്റെ മൂത്ത അളിയനും പെങ്ങളുമാ. അവർക്കുംകൂടി ഒരു ചാൻസ് കൊടുക്കാമെന്ന് വിചാരിച്ചു. മാത്രമല്ല, ഫോട്ടോയും വീഡിയോയുമൊക്കെ എടുക്കുന്നതല്ലെ ഒരു വെറൈറ്റിയുമാകുമല്ലോ. മറുപടി കേട്ട് അന്തംവിട്ട അച്ചൻ നോക്കിയപ്പോൾ മൂത്ത അളിയന്റെ അതേ വേഷം ധരിച്ച് മറ്റൊരു അളിയനും ഭാര്യയും അപ്പുറത്തു നില്പുണ്ട്. അപ്പോൾ തൈലാഭിഷേകകൂദാശയാകുമ്പോൾ വീണ്ടും കഥാപാത്രങ്ങൾ മാറുമെന്ന് അച്ചന് ഉറപ്പായി. അച്ചൻ സങ്കീർത്തിയിലേക്കൊന്നു പാളിനോക്കി. വെറൈറ്റിക്കുവേണ്ടി അച്ചന്മാരും ഒരുങ്ങിനില്പുണ്ടോ എന്നറിയാൻ. ജ്ഞാനസ്നാന മാതാപിതാക്കളുടെ കുറി ലഭിച്ചിരിക്കുന്നത് വല്യപ്പന്റെയും വല്യമ്മയുടെയുമാണല്ലോ എന്നു പറഞ്ഞപ്പോൾ അതിനുമുണ്ട് കുഞ്ഞിന്റെ അപ്പനു പരിഹാരം. അച്ചോ, അതൊക്കെ വെറുതേ ഫോർമാലിറ്റികളല്ലേ. രജിസ്റ്ററിൽ അവരുടെ പേര് ചേർത്താൽ മതി...

ക്രൈസ്തവജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളാണ് പ്രാരംഭകൂദാശകൾ സ്വീകരിക്കുന്ന സമയം. മറ്റു കൂദാശകൾ സ്വീകരിക്കുന്നതിന് യോഗ്യത നേടുന്ന സമയം. ഈശോയുടെ ജനനമരണോത്ഥാനങ്ങളിൽ പങ്കുചേർന്ന് ദൈവമക്കളായി വീണ്ടും ജനിക്കുകയും ആത്മാവിന്റെ കൃപയാൽ നിറയപ്പെടുകയും വി.കുർബാനയാൽ ആത്മീയപോഷണം ലഭിക്കുകയും ചെയ്യുന്ന സമയം. പക്ഷേ ആഘോഷങ്ങളുടെ വെറൈറ്റികളിൽ കൂദാശകളുടെ ആത്മീയമാനത്തിനു നിറം മങ്ങിയിരിക്കുന്നു. സഭാകൂട്ടായ്മയിലേക്ക് ഒരംഗം പുതുതായി സ്വീകരിക്കപ്പെടുന്ന പ്രാരംഭകൂദാശകൾ ഒരു കുടുംബത്തിന്റെ സ്വകാര്യ ആഘോഷമാക്കി മാറ്റുന്നതുതന്നെ ആ കൂദാശകളുടെ ചൈതന്യത്തിനു വിരുദ്ധമാണ്. അതോടുചേർന്ന് മുകളിൽ സൂചിപ്പിച്ചതുപോലുള്ള കലാപരിപാടികൾ കൂടിയാകുമ്പോൾ അവശേഷിച്ചിരുന്ന ചൈതന്യംകൂടി ഇല്ലാതാകും. കുഞ്ഞിനെ ജ്ഞാനസ്നാന മാതാപിതാക്കളുടെ കൈയിൽ കൊടുത്തുവിട്ടിട്ട് വീട്ടിലുണ്ടാക്കി വച്ചിരിക്കുന്ന പോത്തുകറിയിൽ പൂച്ച കയറാതെ കാവലിരുന്ന അപ്പനോട് എന്തേ ഇങ്ങനെ പെരുമാറിയതെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി, എനിക്കവിടെ പ്രത്യേകിച്ച് റോളൊന്നുമില്ലല്ലോ അച്ചോ എന്നാണ്. സ്വന്തം കുഞ്ഞിന്റെ മാമ്മോദീസാസ്വീകരണവേളയിൽ തന്റെ റോൾ വീട്ടിലെ കറിച്ചട്ടിയിലാണെന്ന് തീരുമാനിച്ച ആ പിതാവിന്റെ കൂദാശകളെക്കുറിച്ചുള്ള അവബോധം എന്താണ്? പ്രീ മാര്യേജ് കോഴ്സും പോസ്റ്റു മാര്യേജു കോഴ്സുമൊക്കെ അച്ചട്ടായി നടക്കുന്നുണ്ടെങ്കിലും ഇതുപോലുള്ള അനുഭവങ്ങളും കുറവല്ല എന്നത് ഗൗരവമായി നാം ചിന്തിക്കേണ്ട വസ്തുതകളാണ്.

ഈശോയുടെ മാമ്മോദീസാ സ്വീകരണം ധ്യാനവിഷയമാക്കുന്ന ദനഹാക്കാലത്ത് സഭയുടെ പ്രാരംഭകൂദാശകളെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കാൻ വായനയും പഠനവുമൊക്കെ ഉണ്ടാകുന്നത് നല്ലതാണ്.

“ഇതാകുന്നു ദൈവഹിതം -
നിങ്ങളുടെ വിശുദ്ധീകരണം”
(1 തെസ 4,3).



**ദൈവദാസൻ
ബിഷപ് വില്യം ജക്വീന്താ**

സന്തോഷത്തിന്റെയും ഉത്സാഹത്തിന്റേതുമായ തിരുനാളാണ് ദനഹാ. ആഴമേറിയ ഒരു രൂപാന്തരീകരണത്തിലേക്കാണ് ഇത് നമ്മെ നയിക്കുന്നത്. രൂപാന്തരീകരണം എന്ന വാക്ക് നാമാരും അധികം ശ്രദ്ധിക്കാത്ത, ആഴത്തിലേക്ക് കടന്നു ചിന്തിക്കാതെ കടത്തിവിടുന്ന ഒരു വാക്കാണ്. എന്നാൽ ക്രൈസ്തവ ജീവിതത്തിന്റെ മുഖമുദ്രയാകേണ്ട ഒരു പദമാണിത്.

നമ്മുടെ ജീവിതം മുഴുവൻ നിരന്തരമായ ഒരു ദനഹായായിരിക്കണം. അതായത്, മാറ്റങ്ങൾ ഉൾക്കൊള്ളുന്ന, ഫലം പുറപ്പെടുവിക്കുന്ന ഒരു യാഥാർത്ഥ്യം.

ഈശോയുടെ മാമ്മോദീസായിലെ രണ്ടു നിമിഷങ്ങൾ നമ്മെ സ്പർശിക്കുന്നവയാണ്.

1. ഈശോ പാപികളെപ്പോലെ മാമ്മോദീസാ സ്വീകരിക്കുവാനായി ജോർദ്ദാൻ നദിയിലേക്ക് ഇറങ്ങുന്നു.
2. മാമ്മോദീസാ സ്വീകരിച്ചശേഷം ഉടൻ തന്നെ മരുഭൂമിയിലേക്ക് പോകുന്നു.

രണ്ടു കാര്യങ്ങൾ ഇവിടെ ശ്രദ്ധേയമാണ്: എളിമയും മറഞ്ഞിരിക്കുന്ന അവസ്ഥയും. ശരിയായ വിധത്തിൽ നമ്മുടെ ലക്ഷ്യം യാഥാർത്ഥീകരിക്കണമെങ്കിൽ ഈശോയെപ്പോലെ നാമും നമ്മുടേതായ ലോകംവിട്ട് താഴേയ്ക്ക് ഇറങ്ങാൻ പരിശ്രമിക്കണം

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**



# പ്രതീക്ഷയുടെ പൂമൊട്ടുകൾ

''കർത്താവായ ദൈവമേ,
പരിശുദ്ധാത്മാവിനാലും ശക്തിയാലും
അഭിഷേകം ചെയ്ത്
ഞങ്ങളുടെ കർത്താവീശോമിശിഹായെ
നീ ലോകത്തിലേക്കയച്ചുവല്ലോ.
ദൈവികശക്തിയാലല്ലാതെ ആർക്കും കഴിയാത്ത
അത്ഭുതങ്ങൾ വഴി അവിടുന്നു പാവപ്പെട്ടവർക്കു നല്കിയ
സുവിശേഷത്തിന്റെ പാതയിലൂടെ അനുദിനം
വ്യാപരിക്കുന്നതിന് ഞങ്ങളെ ശക്തരാക്കണമേ'' ആമ്മേൻ.

(ദഹനാക്കാലം, വ്യാഴം-റംശ)

For private circulation only

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്